ശ്രീ. പി. ടി. എ. റഹീം: സർ, ഉത്സവപ്പറമ്പിൽ ബഹളം സൃഷ്ടിച്ച് തിരക്കിനിടയിൽ പോക്കറ്റടിക്കുന്ന വിരുതന്റെ റോളിലാണ് ഇപ്പോൾ ഈ സർക്കാർ നിലകൊള്ളുന്നത്. അതുകൊണ്ടുതന്നെ ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. എം.എൽ.എ. മാർക്കെതിരെ 302 –ാംവകുപ്പനുസ രിച്ച് കേസ്സെടുക്കാൻ ഈ സർക്കാരിന് യാതൊരു സങ്കോജവുമില്ല. വടകര മേ ഖലയിലെ ചരിത്രത്തിലെ ആദ്യത്തെ വിധവയാണ് രമ എന്ന നിലയിലുള്ള ബഹളമുണ്ടാക്കി എല്ലാ നന്മകളേയും ഇല്ലാതാക്കുകയാണ് ഈ ഗവൺമെന്റ് ചെയ്തത്. നിങ്ങൾ കുറ്റാരോപിതരെ മാത്രമല്ല, അതറിഞ്ഞിട്ടും തടയാതിരുന്ന വർക്കും പ്രതികളായ ശേഷം അവർക്ക് ഒത്താശചെയ്യുന്നവർക്കെതിരെയും കേസ്സെടുത്ത് ജയിലിടയ്ക്കുകയാണ്. ഇന്ന് രാവിലെ അടിയന്തരപ്രമേയാവത രണ സമയത്ത് ശ്രീ. കെ. സുധാകരന്റെ കാര്യം പറഞ്ഞപ്പോൾ ശ്രീ. പി. കെ. ബഷീറിനെ ഓർക്കേണ്ടതായിരുന്നു. അന്വേഷിച്ചതിനുശേഷം മാത്രമേ ശ്രീ. കെ.സുധാകരന്റെ കാര്യത്തിൽ എഫ്.ഐ.ആർ. തയ്യാറാക്കുകയുള്ളൂവെ ന്നാണ് പറഞ്ഞത്. ബഹുമാനപ്പെട്ട പി. കെ. ബഷീറിന്റെ കാര്യത്തിൽ അന്വേ ഷിച്ചതിനുശേഷമാണ് എഫ്.ഐ.ആർ. തയ്യാറാക്കിയതെങ്കിൽ എന്താണ് ഇവ തമ്മിലുള്ള വ്യത്യാസമെന്ന് ഇവിടെ വ്യക്തമാക്കേണ്ടതുണ്ട് അതു പോലെതന്നെ ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. കെ.കെ. ജയചന്ദ്രന്റെ പേരിൽ വകുപ്പ് 302 അനുസരിച്ച് എഫ്.ഐ.ആർ. തയ്യാറാക്കിയത് ഒരു പ്രതി യുടെ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിലാണ്. അതുകൊണ്ടുതന്നെയാണ് പിന്നീട് അത് പിൻവലിക്കേണ്ടിവന്നതും. കാരണം, നിങ്ങൾ ആലോചിക്കാതെ യും വ്യക്തമായ വിവേചനത്തിന്റെ അടിസ്ഥാനത്തിലുമാണ് നടപടികൾ സ്വീകരിക്കുന്നതെന്ന് ഈ സന്ദർഭത്തിൽ പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

25–06–2012–ന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി തിരുവഞ്ചൂർ രാധാ കൃഷ്ണൻ എഴുതിത്തന്ന ഒരു മറുപടിയാണ് ഞാൻ ഇവിടെ വായിക്കുന്നത്. മാറാട് കലാപം സംബന്ധിച്ച് ജോസഫ് തോമസ് കമ്മീഷനെ നിയമിച്ചിരുന്നുവോ; പ്രസ്തുത കമ്മീഷന്റെ റിപ്പോർട്ട് സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; എം. സി. മൊയിൻഹാജി, പഞ്ചായത്തുമെമ്പറായിരുന്ന മൊയ്തീൻ കോയ എന്നിവർക്ക് കൊലപാതകം സംബന്ധിച്ച് നേരത്തെ അറിവുണ്ടായിരുന്നുവെന്ന കമ്മീഷന്റെ പരാമർശം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുട്ടുണ്ടോ; എന്നീ ചോദ്യങ്ങൾക്ക് ജോസഫ് തോമസ് കമ്മീഷനെ നിയമിച്ചിട്ടുണ്ടെന്നും കമ്മീഷന്റെ റിപ്പോർട്ട് സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്നും എം.സി. മൊയിൻ ഹാജി, മൊയ്തീൻ കോയ എന്നിവർക്ക് കൊലപാതകത്തെ സംബന്ധിച്ച് അറിവുണ്ടായിരുന്നുവെന്ന കമ്മീഷന്റെ പരാമർശം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നുമാണ് മറുപടി നൽകിയിരിക്കുന്നത്. ഇക്കാര്യത്തിൽ നിങ്ങൾ എന്ത് നടപടിയാണ് സ്വീകരിച്ചത്? ഈ ഗവൺമെന്റ് നിഷ്പക്ഷമായാണ് ഇവിടെ കാര്യങ്ങൾ നടപ്പിലാക്കുന്നതെന്ന് പറയുന്ന ആളുകൾ ഇതിന് വ്യക്തമായ മറുപടി പറയേണ്ടതുണ്ട്. ഒഞ്ചിയത്ത് ടി. പി. ചന്ദ്രശേഖരൻ മരിച്ച വീട് സി.പി.ഐ (എം)–കാർ സന്ദർശിച്ചില്ലായെന്നതാണ് വലിയ പരാതിയായി ഇവിടെ പറയുന്നത്. മാറാട് കലാപത്തെത്തുടർന്ന് ഒൻപത് ആളുകൾ കൊല്ലപ്പെട്ട അവസരത്തിൽ അന്നത്തെ മന്ത്രിമാരായിരുന്ന ബഹുമാനപ്പെട്ട പി.കെ. കുഞ്ഞാലിക്കുട്ടി സാഹിബ്, ശ്രീ. എം. കെ. മുനീർ, ശ്രീ. നാലകത്ത്സൂപ്പി എന്നിവർക്ക് അങ്ങോട്ടുള്ള പ്രവേശനാനുമതി നിഷേധിച്ചത് അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എ. കെ. ആന്റണിയാണ് എന്നുള്ള കാര്യം കൂടി നമ്മൾ ഓർക്കണം. ഇതിനേക്കാൾ വലിയ എത്രയെത്ര കോലാഹലങ്ങ

ളാണ് നമ്മുടെ നാട്ടിൽ ഉണ്ടായിട്ടുള്ളത്. മാലിയിൽ നിന്ന് വന്ന, ചാരക്കേസിൽ പ്രതിയായ മറിയം റഷീദ എന്ന പെൺകുട്ടിയെ ജയിലിനുള്ളിലും പുറത്തും വച്ച് അതിനിഷ്ഠൂരമായി പീഡിപ്പിച്ചു. നമ്പി നാരായണൻ എന്ന ശാസ്ത്രജ്ഞൻ ഈ രാജ്യത്തിനെതിരായി പ്രവർത്തിച്ചുവെന്ന പേരിൽ നിങ്ങൾ പ്രശ്നമുണ്ടാക്കിയില്ലേ? തിരുവമ്പറമ്പിലെ നഫീസുവിനെ ബലാൽസംഗം ചെയ്തുവെന്ന് പ്രചണ്ഡമായ പ്രചാരവേലകൾ നടത്തി ബിനുവെന്ന ചെറുപ്പക്കാരനെ നടുറോഡിൽ വച്ച് കൊല്ലാൻ ഇടയാക്കിയ സാഹചര്യം സൃഷ്ടിച്ചത് ആരാണ്? അങ്ങനെയൊരു പ്രചരണം നടത്തണമെന്ന് ഞാൻ നിങ്ങളോടൊപ്പം ഉണ്ടായിരുന്നപ്പോൾ തീരുമാനിച്ചതാണല്ലോ? എട്ടുംപൊട്ടും തിരിയാത്ത എട്ടുവയസ്സുകാരിയെ ബലാൽസംഗം ചെയ്തുവെന്ന് പറഞ്ഞ് ആ സ്പോട്ടിൽ നിന്ന് വരുന്നതുപോലെ വിയർത്തൊലിച്ചല്ലേ ബഹുമാനപ്പെട്ട മോയിൻ കുട്ടി സാഹിബ് ഇവിടെ പ്രസംഗിച്ചിട്ടുള്ളത്. നിങ്ങളും പ്രസംഗിച്ചിട്ടില്ലേ? ആ കാര്യങ്ങളൊക്കെ എല്ലാവർക്കും അറിയാവുന്നതാണ്. ഇതൊന്നും എന്റെ വിഷയമല്ല. സാന്ദർഭികമായി ഇക്കാര്യങ്ങളെ സംബന്ധിച്ച് സംസാരിച്ചുവെന്നുമാത്രമേയുള്ളൂ. ഇന്നത്തെ ധനാഭ്യർത്ഥന ചർച്ചകളിൽ ന്യൂനപക്ഷക്ഷേമം കൂടി ഉൾപ്പെട്ടിട്ടുള്ളതുകൊണ്ട് അതുമായി ബന്ധപ്പെട്ട കാര്യങ്ങളിലേയ്ക്ക് കടക്കുകയാണ്. ഇവിടെ ഏതോ സമുദായത്തോട് വിവേചനം കണിക്കുന്നുവെന്നും അങ്ങനെ ഒരു സമുദായത്തോട് വിവേചനം കാണിക്കാൻ പാടില്ലെന്നുമാണ് ബഹുമാനപ്പെട്ട എ. കെ. ആന്റണി ഇന്നലെ പറഞ്ഞിരിക്കുന്നത്. ഈ ഗവൺമെന്റ് ഏതോ സമുദായത്തോട് വിവേചനം കാണിക്കുന്നുവെന്ന് തന്നെയാണ് അദ്ദേഹം പറഞ്ഞതിന്റെ അർത്ഥം. ഈ രാജ്യത്തെ ന്യൂനപക്ഷ സമുദായമെന്ന് പറയന്നത് സീറോ മലബാർ സഭയാണ്, മുസ്ലീം സമുദായക്കാരല്ല. ഈ രാജ്യത്ത് ന്യൂപക്ഷമെന്ന്

പറയുമ്പോൾ മുസ്ലീംങ്ങൾ മാത്രമല്ല, വേറെയും ആളുകളുണ്ടെന്ന് ഈ ഗവൺമെന്റ് മനസ്സിലാക്കണമെന്നാണ് സീറോ മലബാർ സഭ പറഞ്ഞിട്ടുള്ളത്. ഈ കാര്യങ്ങളൊന്നും ഗവൺമെന്റ് കണക്കിലെടുക്കുന്നില്ലെന്ന് മാത്രമല്ല, ന്യൂനപക്ഷങ്ങൾക്ക് സുരക്ഷിതത്വം ഇല്ലാതാകുന്ന ഒരുസ്ഥിതിവിശേഷമാണ് ഇപ്പോൾ കേരളത്തിലുള്ളത്. ഇത് ഞാൻ പറഞ്ഞതല്ല, കേരളത്തിലെ മുസ്ലീംങ്ങൾക്കോ ന്യൂനപക്ഷങ്ങൾക്കോ സുരക്ഷിതത്വം നൽകുന്നില്ലെന്ന് ആരോപിച്ചുകൊണ്ട് പത്താം തീയതി ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ ഉൾപ്പെടെയുള്ള ആളുകൾ പാർലമെന്റിനുമുന്നിൽ ധർണ നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. ഇ–മെയിൽ വിവാദവുമായി ബന്ധപ്പെട്ട കേസ്സിൽ പോലീസ് ഉദ്യോഗസ്ഥന്റെ ഭാഗത്ത് തെറ്റ് പറ്റിയിട്ടുണ്ടെന്ന് മുഖ്യമന്ത്രിതന്നെ സമ്മതിച്ചെങ്കിലും തെറ്റ് ചെയ്ത പോലീസ് ഉദ്യോഗസ്ഥന്റെ പേരിൽ നടപടി എടുക്കുന്നതിനുപകരം വിവരം പുറത്തുകൊണ്ടുവന്ന പത്രക്കാരന്റെയും അഭിഭാഷകന്റെയും മെഡിക്കൽ സർട്ടിഫിക്കറ്റ് കൊടുക്കാൻ നിർദ്ദേശിച്ച ഡോക്ടറുടേയും പേരിൽ കേസ്സെടുത്ത് പീഡിപ്പിക്കുകയാണ്. ന്യൂനപക്ഷത്തിന് അരക്ഷിതബോധമുണ്ടെന്ന് പറയാൻ പാടില്ലായെന്ന സമീപനമാണ് ഈ കേസിലൂടെ സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ബാംഗ്ലൂർ ജയിലിൽ കഴിയുന്ന അബ്ദുൾ നാസർ മഅദനിയെ കഴിഞ്ഞ ദിവസം എനിക്ക് കാണാൻ അവസരമുണ്ടായി. അദ്ദേഹം ജയിലിൽ കിടക്കുന്നത് ഏതെങ്കിലും സ്ഫോടന കേസുകളുടെ പേരിലാണെന്ന് കരുതുന്നില്ല. കാഴ്ചപോലും നഷ്ടപ്പെട്ട അദ്ദേഹം ഇപ്പോഴും ജയിലിൽ കഴിയുകയാണ്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഞാൻ പറയട്ടേ;......... (ബഹളം)....... അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. പക്ഷേ, അദ്ദേഹത്തിന്റെ പേരിൽ പുതിയ കേസുകൾ ഉണ്ടാക്കാൻ കേരളത്തിൽ ശ്രമം നടക്കുന്നുണ്ടെന്ന് അദ്ദേഹത്തിന് വളരെ

വ്യക്തമായി അറിയാം. ലക്ഷ്വർ-ഇ-തോയ്ബ-യുടെ ദക്ഷിണേന്ത്യൻ കമാൻഡറെന്ന് പോലീസ് വിശേഷിപ്പിക്കുന്ന രണ്ട് പേരെ വധിച്ച് രണ്ടര കിലോ സ്വർണ്ണം കവർന്ന കേസിൽ പ്രതിയായ തടിയന്റവിട നസീറിനോട് കൊള്ളയടിച്ച സ്വർണ്ണം അബ്ദുൾ നാസർ മ്അദനിക്ക് കൈമാറിയെന്ന് മൊഴി നൽകാൻ പ്രേരിപ്പിക്കുന്നുവെന്ന് അദ്ദേഹത്തിന്റെ അഭിഭാഷകൻ കഴിഞ്ഞ ദിവസം പത്ര പ്രവർത്തകരോട് പറയുകയുണ്ടായി. ആരാണ് ഇതിനുപിന്നി ലെന്ന് ഇപ്പോൾ ഞാൻ പറയുന്നില്ല. എന്തിനാണ് അദ്ദേഹത്തെ ഇങ്ങനെ പീഡിപ്പിക്കുന്നത്? ന്യൂനപക്ഷങ്ങൾക്കുവേണ്ടത് സുരക്ഷിതത്വ ബോധമാണ്. അത് കേരളത്തിന് നഷ്ടപ്പെട്ടിരിക്കുന്നുവെന്നത് ഒരു വസ്തുതയാണ്. മുസ്ലീം ങ്ങൾക്കെതിരെ വ്യാപകമായ അക്രമങ്ങൾ ഉണ്ടാകുന്നുവെന്നാണ് ഇന്നലെ സുന്നി സമുദായ സംഘടനപോലുള്ള ചില ആളുകളും വിലപിച്ചുകൊണ്ടിരി ക്കുന്നത്. ആരാണ് ഇതിന് ഉത്തരവാദി? പച്ച നിറമുള്ള ബ്ലൗസ് ചർച്ചാവിഷയ മാക്കേണ്ട യാതൊരു കാര്യവുമുണ്ടെന്ന് എനിക്കു തോന്നുന്നില്ല. പച്ച ഇസ്ലാമു മായി ബന്ധപ്പെട്ട ഒരു നിറമേയല്ല. പ്രവാചകന്റെ എവിടെയും പച്ചയില്ല. ആ പച്ചയെപ്പറ്റി പറയേണ്ട കാര്യമില്ല. അത് വിവാദമാക്കേണ്ട കാര്യമില്ല. പച്ച ഇസ്ലാമിന്റെ നിറമല്ല. പച്ച കുപ്പായമിടാൻ ഉത്തരവിറക്കിയ ഉദ്യോഗസ്ഥനെ സസ്പെന്റ് ചെയ്തത് എന്തിനാണ് എന്ന് നിങ്ങളാണ് പറയേണ്ടത്? നിങ്ങളുടെ മനസ്സ് ശുദ്ധമല്ലാത്തതുകൊണ്ടാണ് നിങ്ങൾക്ക് അങ്ങനെ ചെയ്യേണ്ടിവന്നത്. എന്തിനാണ് നിങ്ങൾ ആ ഉത്തരവ് പിൻവലിച്ചത്. ഒരാവശ്യമുണ്ടായിരുന്നി ല്ലല്ലോ മാഷാ അള്ളാ എന്ന പദം പോലും തീവ്രവാദ പദമാണെന്ന് പോലീസ് കേസ് ഡയറിയിൽ എഴുതിവയ്ക്കുന്ന ഒരു സാഹചര്യമുണ്ടെന്ന് ലീഗുകാർ മനസ്സിലാക്കണം. ഈ കേസുകളിലൊക്കെ മാഷാ അള്ളായെന്ന് ഉണ്ടാക്കിയ ആളിനെയാണ് പിടിച്ചത്. മാഷാ അള്ളാ എന്ന് ഉണ്ടാക്കിയിട്ടുള്ള ആളുകളെ

302 കേസുകളിൽ നിങ്ങൾ ഉൾപ്പെടുത്തി. എന്തിനാണ് നിങ്ങൾ വിഷമിക്കുന്നത്. ഞാൻ .......(ബഹളം)........ 35 സ്കൂളുകളെ സംബന്ധിച്ചുള്ള പരാമർശമാണ് ഇപ്പോൾ വന്നിരിക്കുന്നത്. 35 സ്കൂളുകൾ ഇപ്പോൾ 33 ആയി. നിങ്ങൾക്ക് അത് ഇനിയും കുറയ്ക്കേണ്ടിവരും. .................(ബഹളം).................

മി. ചെയർമാൻ: നിങ്ങൾ ബഹളമുണ്ടാക്കരുത്. നിങ്ങൾ പ്രസംഗിക്കുമ്പോൾ ഇതിന് മറുപടി പറഞ്ഞാൽ മതി. അദ്ദേഹം പ്രസംഗിക്കട്ടേ?

ശ്രീ. പി. ടി. എ. റഹീം; ന്യൂനപക്ഷങ്ങളെ സംരക്ഷിക്കാനാണെങ്കിൽ അവരുടെ ഉന്നമനമാണ് ഈ ഗവൺമെന്റിന്റെ ലക്ഷ്യമെങ്കിൽ ഈ 33 സ്കൂളുകളും സർക്കാർ ഉടമസ്ഥതയിലായാൽ എന്താണ് പ്രശ്നം. ................(ബഹളം)................

മി. ചെയർമാൻ: അദ്ദേഹം സംസാരിക്കുമ്പോൾ നിങ്ങൾ എന്തിനാണ് ഇടപെടുന്നത്? നിങ്ങൾക്ക് സംസാരിക്കാൻ സമയമുണ്ടല്ലോ? അപ്പോൾ ഇതിന് മറുപടി പറഞ്ഞാൽ മതി. അദ്ദേഹം സംസാരിക്കട്ടേ? ബഹുമാനപ്പെട്ട പി. ടി. എ. റഹീമിന് പ്രസംഗം തുടരാം. ........(ബഹളം)................

ശ്രീ. പി. ടി. എ. റഹിം: ന്യൂനപക്ഷ താൽപ്പര്യങ്ങൾക്കുവേണ്ടിയാണ് ഈ 33 സ്കൂളുകൾക്ക് അനുമതി നൽകിയതെങ്കിൽ അതെല്ലാം സർക്കാർ സ്കൂളാക്കിയാൽ എന്താണ് കുഴപ്പം. സർക്കാർ സ്കൂളുകളിൽ കുട്ടികൾക്ക് പഠിക്കാൻ പറ്റില്ലേ? അല്ലെങ്കിൽ പഞ്ചായത്ത് സ്കൂളുകളാക്കി, പഞ്ചായത്തിന്റെ സ്കൂളുകളാക്കി മാറ്റിയാൽ പോരേ? മലപ്പുറം ജില്ലയിൽ ഒരുപാട് ഗവൺമെന്റ് സ്കൂളുകൾക്ക് അനുമതി നൽകിയ ആളാണ് സി.എച്ച്. മുഹമ്മദ് കോയ സാഹിബ്. ഇനിമുതൽ മലപ്പുറം ജില്ലയിൽ എയ്ഡഡ് മേഖലയിൽ സ്കൂളുകൾ അനുവദിക്കുകയില്ലായെന്ന തീരുമാനമെടുത്തത് അദ്ദേഹമാണ്. ........(ബഹളം)............... നിങ്ങൾ പറയുന്ന യത്തീംഖാനകളും പ്രമാണിമാരും

അന്നും മലപ്പുറത്തുണ്ടായിരുന്നു. പക്ഷേ, സി.എച്ച്. മുഹമ്മദ് കോയ ഇത്തരമൊരു ധീരമായ നിലപാടെടുത്തു. ഗവൺമെന്റ് സ്കൂളുകളാണെങ്കിൽ മുസ്ലീം സമുദായത്തിൽപ്പെട്ട കുട്ടികൾക്ക് 12 ശതമാനം സംവരണം ലഭിക്കുമെന്നും എയ്ഡഡ് മേഖലയിൽ സ്കൂൾ അനുവദിച്ചാൽ അതുമുഴുവൻ വിറ്റുതുലയ്ക്കുകയാണെന്നും അദ്ദേഹം പറഞ്ഞത് ഞാൻ ഈ അവസരത്തിൽ ഓർക്കുകയാണ്. അതുകൊണ്ടാണ് ഇന്നലെ ബഹുമാനപ്പെട്ട ഉമ്മർ സാഹിബ് പ്രസംഗിച്ചപ്പോൾ അദ്ദേഹത്തിന് പറയാൻ സാധിക്കാതിരുന്നത്. അദ്ദേഹത്തോട് ചോദിച്ചല്ലോ? പണം വാങ്ങാത്ത ആകെ രണ്ട് സ്ഥാപനങ്ങളുടെ പേര് അദ്ദേഹം പറഞ്ഞു. ഞാൻ മൂന്നാമത്തെ സ്ഥാപനത്തിന്റെ പേര് പറയാൻ പറഞ്ഞു. എം.കെ. ഹാജിയുടെ പി.എസ്.എം. കോളേജും അബ്ദുൾസലാം മൗലവിയുടെ സുല്ലമുൽ ഇസ്ലാം അരീക്കോട് കോളേജിന്റെ പേരുമാണ് അദ്ദേഹത്തിന് പറയാൻ സാധിച്ചത്. ഞാൻ മൂന്നാമത്തെ പേര് പറയാൻ വെല്ലുവിളിച്ചു. സാധിച്ചോ? നിങ്ങളുടെ തലതൊട്ടപ്പന്മാരായ എം.കെ. ഹാജിയേയും അബ്ദുൾ സലാം മൗലവിയേക്കാൾ മേലെയുള്ള നേതാക്കന്മാർ നടത്തുന്ന ഏതൊക്കെ സ്ഥാപനങ്ങളിൽ പണം വാങ്ങാതെ കുട്ടികളെ അഡ്മിറ്റ് ചെയ്യുന്നുവെന്ന് പറയാൻ ചങ്കൂറ്റമുണ്ടായില്ലല്ലോ ഉമ്മറിന്. എന്തിനാണ് ന്യൂനപക്ഷത്തിന്റെ പേരിൽ നിങ്ങൾ പണമുണ്ടാക്കുന്നത്? ന്യൂനപക്ഷ അവകാശം ഭരണഘടനയിൽ കൊടുത്തിട്ടുള്ളത് നിങ്ങൾക്ക് പണമുണ്ടാക്കാനല്ല, കുട്ടികൾക്ക് പഠിക്കാൻ വേണ്ടിയാണ്. .....(ബഹളം).......അങ്ങോട്ട് നോക്കിയിട്ട് തന്നെയാണ് പറയുന്നത്. നിങ്ങളാണ് മനസ്സിലാക്കേണ്ടത്.

<u>മി. ചെയർമാൻ</u>: ബഹുമാനപ്പെട്ട പി.റ്റി.എ. റഹീം നിങ്ങളുടെ സമയം അവസാനിക്കുന്നു.

ശ്രീ. പി.റ്റി.എ. റഹീം: ഇവിടെ ഈ പച്ചയെ സംബന്ധിച്ചുള്ള വിവാദവും അതുപോലെയുള്ള വിവാദങ്ങളുമൊക്കെയുണ്ടാകുന്നത് എന്തുകൊണ്ടാണെന്ന് ചോദിച്ചാൽ......

മി. ചെയർമാൻ: പോയിന്റ് ഓഫ് ഓർഡറാണോ? ......(ബഹളം).......പോയിന്റ് ഓഫ് ഓർഡർ.........പോയിന്റ് ഓഫ് ഓർഡർ.......

ശ്രീ. പി.റ്റി.എ. റഹീം: ന്യൂനപക്ഷമെന്ന് പറഞ്ഞാൽ അത് മുസ്ലീങ്ങളാണെന്നും ...

മി. ചെയർമാൻ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. പി.സി. വിഷ്ണുനാഥ്: സർ, പ്രസംഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ റൂളിൽ ഉണ്ട്. ചെയറിനെ അഭിമുഖീകരിച്ചാണ് പ്രസംഗിക്കേണ്ടത്. ഞങ്ങൾ കുറേനേരമായി പറയുകയാണ്. ഇങ്ങോട്ടാണ് അദ്ദേഹം പ്രസംഗിക്കുന്നത്. ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അദ്ദേഹം പറഞ്ഞത് ‘ഇങ്ങോട്ടാണ് പ്രസംഗിക്കുന്നതെന്ന്’ അദ്ദേഹം പറഞ്ഞത് രേഖയിലുണ്ട്. അങ്ങ് പരിശോധിക്കണം. അത് രേഖയിൽ നിന്ന് മാറ്റണം. ഇങ്ങോട്ട് നോക്കിയാണ് പ്രസംഗിക്കുന്നതെന്നാണ് അദ്ദേഹം പറഞ്ഞത്. ഇങ്ങോട്ടല്ല പ്രസംഗിക്കേണ്ടത്.

മി. ചെയർമാൻ: ചെയറിനെ നോക്കി സംസാരിക്കണം.

ശ്രീ. പി.റ്റി.എ. റഹീം: ന്യൂനപക്ഷമെന്നുപറഞ്ഞാൽ അത് മുസ്ലീങ്ങളാണെന്നും ഞങ്ങൾ മുസ്ലീങ്ങൾക്ക് എന്തോ അനർഹമായ കാര്യങ്ങൾ നേടിക്കൊടുക്കുന്നുവെന്നും സമൂഹത്തോട് പറയാൻ ലീഗ് ശ്രമിക്കുന്നതാണ് ഇവിടെ പ്രശ്നം. ന്യൂനപക്ഷമെന്നുപറയുന്നത് മുസ്ലീം ലീഗ് മാത്രമല്ല. അത് ഇവിടെ ക്രിസ്ത്യാനികളും ബുദ്ധമതക്കാരും സിക്കുകാരും പാഴ്സികളുമൊക്കെ ഉൾക്കൊള്ളുന്നതാണ്. മുസ്ലീംലീഗ് അത് മനസ്സിലാക്കുന്നില്ല.

ഇപ്പോൾ ഷുക്കൂറിന്റെ വധവുമായി ബന്ധപ്പെട്ട് നാട്ടിൽ മുഴുവൻ ഫ്ളക്സ് വച്ചിട്ടുണ്ട്. 29 വയസ്സായ ആ പയ്യന്റെ ചിത്രത്തിന്റെ സ്ഥാനത്ത് ഞങ്ങളുടെ നാട്ടിൽ വച്ചത് 14 വയസ്സായ ഒരു പയ്യന്റെ ചിത്രമാണ്. വടകരയിൽ വേറൊരു ചിത്രമാണ് വച്ചത്. പല രൂപത്തിൽ ചിത്രം വച്ചിട്ട് അതിലുള്ള മുദ്രാവാക്യങ്ങൾ കണ്ടിട്ടുണ്ടോ? ഇസ്ലാമിന്റെ രക്തമെന്നാണ് പറയുന്നത്. ഇസ്ലാമും മുസ്ലീങ്ങളും ഹിന്ദുക്കളും തമ്മിലുള്ള തർക്കമാണോ അത്? അതൊരു രാഷ്ട്രീയ കൊലപാതകമാണ്. ഇത് ഇസ്ലാമിന്റെ രക്തം – ഞങ്ങൾ പകരം വീട്ടുമെന്നൊക്കെയുള്ള രൂപത്തിൽ നിങ്ങൾ ആ നാട് മുഴുവനും എഴുതിവയ്ക്കുന്നതാണ് സാമുദായികദ്രുവീകരണമുണ്ടാകാൻ കാരണമെന്ന് നിങ്ങൾ മനസ്സിലാക്കണം. ഇതുപോലെ മുസ്ലീംലീഗ് അവിഹിതമായി കാര്യങ്ങൾ ചെയ്യുന്നുവെന്ന് വരുത്താൻ അവർ ശ്രമിക്കുകയാണ്. അവർ ചെയ്തോട്ടെ. ആനപ്പുറത്ത് പോകണം, അങ്ങാടിയിൽക്കൂടി പോകണം, ആരും കാണരുതെന്നുള്ള രൂപത്തിലൊന്നും അവർ ഈ കാര്യം ചിന്തിക്കേണ്ടതില്ല. ഗവൺമെന്റ് സ്കൂളാണെങ്കിൽ ഗവൺമെന്റ് സ്കൂൾ എന്നും എയ്ഡഡ് സ്കൂളാണെങ്കിൽ എയ്ഡഡ് സ്കൂളെന്നും പറഞ്ഞാൽ പോരേ? ഇത് രണ്ടും പറയാതെ ഒരൊറ്റ എന്ന് പറയണമോ? ബഷീറിന്റെ പണ്ടത്തെ ഒരു കഥാപാത്രമുണ്ട്. ഇഷ്ടമുള്ള സ്ഥലത്തേയ്ക്ക് ഇങ്ങനെ ദൈവത്തിന്റെ ചിത്രവും മാതാവിന്റെ ചിത്രവും നബിയുടെ ചിത്രവും ......

മി. ചെയർമാൻ: സമയം പോകുന്നു. കഥ പറഞ്ഞ് കഥയിലേയ്ക്ക് പോകല്ലേ?

ശ്രീ. പി.റ്റി.എ. റഹീം: ......ഒക്കെ കാണിക്കുന്ന ആളുകൾ. അതുപോലെ എന്തിനാണ് ........

മി. ചെയർമാൻ: സമയം തീരുകയാണ്.

ശ്രീ. പി.റ്റി.എ. റഹീം: .........മുഖ്യമന്ത്രി ചെയ്യുന്നത്? എൻ.എസ്.എസ്. –നെ കാണിക്കാൻ ഇത് ഗവൺമെന്റ് സ്കൂളാണെന്ന് പറയുക. ഇവരെ കാണിക്കാൻ ഇത് എയ്ഡഡ് സ്കൂളാണെന്ന് പറയുക. ഇങ്ങനെ വല്ല കാര്യ വുമുണ്ടോ? നേരിട്ട് ഇതങ്ങ് ചെയ്താൽ പോരേ? അതുകൊണ്ട് ഈ ന്യൂന പക്ഷത്തിന് ഇന്നുള്ള പീഢനമെന്നുപറയുന്നത് മുസ്ലീംലീഗ് തന്നെയാണ്. അവരുടെ നിലപാടിൽ മാറ്റം വരുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ഇന്നത്തെ ധനാഭ്യർത്ഥനകൾ പട്ടികജാതി/പട്ടിക വർഗ്ഗ/മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം, വിനോദ സഞ്ചാരം എന്നിവയാണ്. പക്ഷേ അതിനെക്കുറിച്ചൊന്നും എന്റെ ബഹുമാന്യ സുഹൃത്ത് പി.റ്റി.എ. റഹീം പറഞ്ഞതായി ഞാൻ കേട്ടില്ല. ഒറ്റ വാചകമാണ് എനിക്ക് അദ്ദേഹത്തോട് പറയാനുള്ളത്. മഅ്ദനിയെ രണ്ട് പ്രാവശ്യം പിടിച്ചുകൊടുത്തത് ആരാണ്? ആദ്യം ഇ.കെ. നായനാർ, പിന്നീട് ശ്രീ. വി.എസ്. അച്ചുതാനന്ദൻ. അതുമാത്രമേ ഞാൻ പറയുന്നുള്ളൂ. ഈ ധനാഭ്യർത്ഥനകൾ രണ്ട് പ്രധാനപ്പെട്ട മന്ത്രിമാരുടെ വകുപ്പിനുള്ളതാണ് – (1) ശ്രീ. എ.പി. അനിൽ കുമാറിന്റേയും (2) കുമാരി പി.കെ. ജയലക്ഷ്മിയുടേയും. കുമാരി പി.കെ. ജയലക്ഷ്മി കേരളത്തിലെ രാഷ്ട്രീയ ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം രചിച്ച വ്യക്തിയാണ്. She has become the part of Kerala Political history. ആദിവാസി വിഭാഗത്തിലെ ആദ്യത്തെ മന്ത്രി, അതും വനിതാ മന്ത്രി. തീർച്ചയായും ഞങ്ങൾക്ക് അഭിമാനമുണ്ട്. അതുപോലെ തന്നെ ശ്രീ. എ.പി. അനിൽ കുമാർ പിന്നോക്ക ജനവിഭാഗങ്ങളുടെ ക്ഷേമത്തോടൊപ്പം അദ്ദേഹത്തെ ഏൽപ്പിച്ചിരിക്കുന്ന പട്ടികജാതി–പിന്നോക്ക സമുദായക്ഷേമവും ടൂറിസവും വളരെ മനോഹരമായി നടപ്പാക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. ഇന്നും സമൂഹത്തിൽ കരുതൽ അർഹിക്കുന്ന ജനവിഭാഗങ്ങളെ പുതിയൊരു ലോകത്തേയ്ക്ക് കൈപിടിച്ചുയർത്താൻ ഈ വകുപ്പുകളുടെ പ്രവർത്തനം വഴി കഴിയുന്നുവെന്നതിൽ നമുക്ക് അഭിമാനമുണ്ട്. കേരളത്തിൽ നല്ലൊരു വിഭാഗം ജനങ്ങളുടെയും ജീവിതമാർഗ്ഗം നേടിക്കൊടുക്കുന്ന ഒരു വ്യവസായമായി ടൂറിസം ഇന്ന് മാറിയിരിക്കുകയാണ്. ടൂറിസത്തെ ഒരു വ്യവസായമായി

അംഗീകരിച്ചിട്ട് കാൽ നൂറ്റാണ്ട് പിന്നിടുകയാണ്. ഏറ്റവുമധികം തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കാൻ കഴിയുന്നൊരു സെക്ടറായി ഇന്ന് ടൂറിസം മാറിയിരിക്കുന്നു. വരുമാനത്തിലും എണ്ണത്തിലും ഒത്തിരിയേറെ വർദ്ധനവുണ്ടായിട്ടുണ്ട്. കഴിഞ്ഞ വർഷം 732985 വിദേശ സഞ്ചാരികളും 9381455 ആഭ്യന്തര ടൂറിസ്റ്റുകളും കേരളം സന്ദർശിച്ചു. ഇത് യഥാക്രമം കഴിഞ്ഞ വർഷത്തേക്കാൾ 73720 ഉം 786380 ഉം കൂടുതലാണ്. വിദേശ നാണ്യ വരുമാനം 4,221.99 കോടി രൂപയായി ഉയർന്നു. മൊത്തം വരുമാനം 17,348 കോടി രൂപയിൽ നിന്നും 19,037 കോടി രൂപയായി വർദ്ധിച്ചു. ശ്രീ. എ.പി. അനിൽ കുമാറിന്റെ നേതൃത്വപാടവം ഇതിലുണ്ടെന്ന് പറയുന്നതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. ടൂറിസം ബോർഡ് രൂപീകരിക്കാനുള്ള യു.ഡി.എഫ്. സർക്കാരിന്റെ തീരുമാനം പ്രധാനപ്പെട്ട ടൂറിസം പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ ഏറെ സഹായകരമാകുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. ഉത്തരവാദിത്വ ടൂറിസം പദ്ധതി തദ്ദേശവാസികളുടെ ജീവിതനിലവാരം ഉയർത്തുമെന്നുള്ളതിന് സംശയമില്ല. കേന്ദ്ര സർക്കാരിന്റെ അടക്കം നിരവധി പുരസ്ക്കാരങ്ങൾ നേടിയെടുക്കാൻ ഇന്ന് കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. വിവരസാങ്കേതിക വിദ്യ ടൂറിസം പ്രചാരണത്തിന് ഫലപ്രദമായി ഉപയോഗിച്ചതുൾപ്പെടെ ഒരു ഡസനിലേറെ പുരസ്ക്കാരങ്ങൾക്ക് കേരള ടൂറിസം വകുപ്പ് അർഹത നേടി. ആഗോളതലത്തിൽ മികച്ച ബ്രാന്റായി സംസ്ഥാനത്തെ ഉയർത്തിക്കാട്ടാൻ നമുക്ക് പൂർണ്ണമായും കഴിയാത്തത് അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയാണ്. ഒരു സംസ്ഥാനതല ടൂറിസം മാസ്റ്റർപ്ലാൻ രൂപീകരിക്കുന്നുവെന്ന് അറിയുന്നതിൽ സന്തോഷമുണ്ട്. 5 വർഷം കൊണ്ട് 50 ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളുടെ വികസനമുൾപ്പെടെ നില

വിലുള്ള സമഗ്ര ടൂറിസം പദ്ധതികളെക്കൂടി ഉൾക്കൊള്ളിച്ചുകൊണ്ടാകണം ഈ മാസ്റ്റർ പ്ലാൻ. കേരളത്തിന്റെ തെക്ക് വടക്ക് കിഴക്ക് ഭാഗങ്ങൾ, വനപ്രദേശങ്ങൾ, തീരപ്രദേശം എന്നിവയെല്ലാം വിനോദസഞ്ചാരികളെ ആകർഷിക്കുന്ന ഘടകങ്ങളാണ്. സമ്പന്നമായ പൈതൃകമുള്ള നിരവധി പ്രദേശങ്ങൾ നമുക്കുമുണ്ട്. മുസിരിസ് ടൂറിസം പദ്ധതി സംസ്ഥാനത്തെ ബൃഹത്തായ ടൂറിസം പ്രോജക്ടായി രൂപാന്തരപ്പെട്ടുവരികയാണ്. കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനം ശ്രദ്ധേയമാണ്. അതുപോലെതന്നെ യുനെസ്ക്കോയുടെ ഹെറിറ്റേജ് പ്രോജക്ട് മട്ടാഞ്ചേരി ഫോർട്ട് കൊച്ചി പ്രദേശത്ത് നടന്നുവരികയാണ്. അതിന് സംസ്ഥാന ഗവൺമെന്റ് 15 കോടി രൂപ വാഗ്ദാനം ചെയ്തിരുന്നു. അതിന് ബഡ്ജറ്റിൽ പ്രൊവിഷൻ കാണുന്നില്ല. അതുകൂടെ ഉൾപ്പെടുത്തണം. ചരിത്രം ഉറങ്ങിക്കിടക്കുന്ന ആ പ്രദേശത്ത് പലപ്പോഴും ടൂറിസ്റ്റുകൾ ഫോർട്ട് കൊച്ചിയിൽ വരുന്നത് ഈ ചരിത്ര സ്മാരകം കാണുന്നതിനുവേണ്ടിയാണ്. ഈയിടെ ക്യൂൻ എലിസബബത്ത്-2 എന്നുപറയുന്ന വലിയ ആഡംബര കപ്പൽ കൊച്ചിയിൽ വരികയുണ്ടായി. അതിനകത്തുനിന്ന് ഏകദേശം 53 ബസ്സിലാണ് അവർ ഇറങ്ങി നാടുകാണാൻ വന്നത്. കുറച്ചുപേർ ഓട്ടോറിക്ഷയിൽ വന്നു. ഞാൻ അവരെ വഴിയിൽക്കണ്ടപ്പോൾ അവർ അന്വേഷിക്കുന്നത് ഡച്ച് സിമിട്രിയാണ്. എന്തുകൊണ്ടെന്നാൽ ആ ഒരു സഞ്ചാരിയുടെ ഗ്രേറ്റ് ഗ്രാൻഡ് ഫാദറെ അടക്കിയിരിക്കുന്നത് ആ ഡച്ച് സിമിട്രിയിലാണ്. അതുകൊണ്ട് നമ്മുടെ പൈതൃകങ്ങൾ സംരക്ഷിക്കാൻ അത് ഹെറിറ്റേജായി മാറ്റിയെടുക്കുമ്പോൾ അത് കാണാനും സംരക്ഷിക്കാനും ഇഷ്ടപ്പെടുന്ന ആയിരക്കണക്കിന് വിദേശികളും സ്വദേശികളുമൊക്കെ നമ്മുടെ നാട്ടിലേയ്ക്ക് വരികയും അതുവഴി നമ്മുടെ തദ്ദേശീയരുടെ വരുമാനം വർദ്ധിപ്പിക്കുക വഴി ടൂറിസം ഒരു വ്യവസായമായി മാറിക്കൊണ്ടിരിക്കുകയുമാണ്. അതുപോലെ

തന്നെ പിൽഗ്രിം ടൂറിസത്തിന് അനന്തമായ സാധ്യതകളുള്ള നാടാണ് കേരളം. ഗുരുവായൂർ, ചോറ്റാനിക്കര, കൊടുങ്ങല്ലൂർ, ശബരിമല, മലയാറ്റൂർ തുടങ്ങിയ കേരളത്തിലെ വിവിധ പിൽഗ്രിം സെന്ററുകളെ ബന്ധപ്പെടുത്തികൊണ്ട് പിൽഗ്രിം ടൂറിസം ഉണ്ടാക്കിയെടുക്കാൻ നമുക്ക് കഴിയും. കടലോരങ്ങൾ മാലിന്യവിമുക്തമാക്കിയാൽ ആയിരക്കണക്കിന് വിനോദസഞ്ചാരികളെ നമുക്ക് ആകർഷിക്കാൻ കഴിയും. അതുപോലെ റെയിൻ ടൂറിസം- അടുത്ത തിങ്കളാഴ്ച രാവിലെ 7.30-ന് ഫോർട്ട് കൊച്ചിയിൽ റെയിൻ ഫുട്ബാൾ നടക്കുകയാണ്. മഴയിൽ പന്തു കളിക്കുക. അത് കഴിഞ്ഞ വർഷം ആരംഭിച്ചതാണ്. എനിക്ക് മന്ത്രിയോട് ഒരു പ്രത്യേക നന്ദി പറയാനുണ്ട്. ഫോർട്ട്കൊച്ചി ഏറ്റവുമധികം ടൂറിസ്റ്റുകളെ ആകർഷിക്കുന്ന പ്രദേശമാണ്. പക്ഷേ വളരെക്കാലമായി അത് അവഗണിക്കപ്പെട്ടിരിക്കുകയായിരുന്നു. ഇപ്പോൾ രണ്ടു പദ്ധതികൾ അവിടെ ആരംഭിക്കുകയാണ്. ഫോർട്ട് വൈപ്പിനിൽ നാന്നൂറു വർഷം പഴക്കമുള്ള പോർട്ടുഗീസുകാർ നിർമ്മിച്ച ഒരു പള്ളിയുണ്ട്. ഇന്നും ദു:ഖവെള്ളിയാഴ്ചയ്ക്കു മുമ്പായി പോർട്ടുഗീസ് ഭാഷയിൽ ദേവാസ്ത വിളിക്കുന്ന ചരിത്രമുള്ള ഒരു പ്രദേശമാണ് ഫോർട്ട് വൈപ്പിൻ. അവിടെ നാളെ ഒരു പദ്ധതി ആരംഭിക്കുകയാണ്. അതുപോലെ ഫോർട്ടുകൊച്ചിക്കുവേണ്ടി 10 കോടി രൂപയുടെ ഒരു പുതിയ പദ്ധതി പ്രഖ്യാപിച്ചിരിക്കുകയാണ്. അതിന് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പ്രത്യേകമായ നന്ദിയുണ്ട്. ഫോർട്ട് കൊച്ചിയുടെ വികസനം ലക്ഷ്യമാക്കി ഫോർട്ട് കൊച്ചി ഹെറിറ്റേജ് സോൺ നവീകരിക്കുന്നതിന് പ്രവേശന കവാട സമുച്ചയം, നെഹ്റു പാർക്ക്, റേഡിയോ റൂം, പരേഡ് ഗ്രൗണ്ട്, സാന്റാക്രൂസ്ഗ്രൗണ്ട്, കെ.ജെ. ഹർഷൻ റോഡ്, കോട്ടയുടെ പുനരുദ്ധാരണം, കടൽത്തീര സൗന്ദര്യവൽക്കരണം എന്നിവയ്ക്കുവേണ്ടി 10 കോടി രൂപയുടെ പദ്ധതികൾ അവിടെ ആരംഭിക്കുകയാണ്. തീർച്ചയായും ഓരോ

പ്രദേശങ്ങൾക്കുമുള്ള പ്രത്യേകതകൾ കണക്കിലെടുത്താൽ ഒരുപാട് തൊഴിൽ സാധ്യതകൾ ഉണ്ടാക്കിയെടുക്കാൻ കഴിയുമെന്നാണ് എന്റെ വിശ്വാസം. വല്ലാർപാടം ഇന്റർനാഷണൽ കണ്ടെയിനർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ ആരംഭിച്ചുകഴിഞ്ഞു. അതുകൊണ്ട് പഴയ കൊച്ചിപോർട്ടിലെ പല ബെർത്തുകളും ഒഴിവാണ്. അവിടെ ഇപ്പോൾ ഒരു ടൂറിസ്റ്റ് ബെർത്ത് ആരംഭി ക്കുന്നുണ്ട്. ഒഴിഞ്ഞുകിടക്കുന്ന കൊച്ചിൻ പോർട്ടിലെ ബെർത്തുകളിൽ ആഡംബര വിദേശകപ്പലുകൾ അടുപ്പിക്കാൻ കഴിഞ്ഞാൽ അത് പുതിയൊരു വേദി തുറക്കുന്നതാകും. അവിടെയുള്ള മഹാത്മാഗാന്ധി ഇറങ്ങിയ ഐലന്റിലെ റെയിൽവേ സ്റ്റേഷൻ, അതൊരു മോണുമെന്റാക്കാം, ടൂറിസ്റ്റുകൾ വന്നാൽ അവരെ കൊണ്ടുപോകാൻ പാക്കേജുകളുണ്ട്. അങ്ങനെ ഫോർട്ട് കൊച്ചി ഐലന്റ്, മട്ടാഞ്ചേരി, ഫോർട്ട് വൈപ്പിൻ തുടങ്ങിയ പ്രദേശങ്ങളിൽ ജനങ്ങൾക്ക് വരുമാനമുണ്ടാക്കിക്കൊടുക്കാനും അതുവഴി സംസ്ഥാനത്തെ ഖജനാവിലേയ്ക്ക് ടാക്സ് എത്തിക്കാനും കഴിയുന്ന ഒന്നായി മാറ്റാൻ കഴി യും. പിന്നെ, കൊച്ചിൻ മുസ്സിരീസ് ബിനാലെ വരികയാണ്, ആർട്സ് ഫെസ്റ്റി വലാണ്. അതിന് ശ്രീ. വി.ഡി. സതീശന്റെയും ശ്രീ. ടി. എൻ. പ്രതാപ ന്റെയുമൊക്കെ സഹായം അഭ്യർത്ഥിക്കുകയാണ്. മുസ്സിരീസ് കൊച്ചിൻ ബിനാലെ പുതിയൊരു അനുഭവമായിരിക്കും. അതിനുവേണ്ടി നിങ്ങളുടെ സഹായമുണ്ടാകണമെന്നു പറയുകയാണ്. ഒരുകാലത്ത് നമുക്ക് ആശങ്കയും ഭയവുമുണ്ടായിരുന്നു. നമ്മുടെ സംസ്ക്കാരവും പൈതൃകവും നഷ്ടമാകു മെന്ന ആശങ്കയുണ്ടായിരുന്നു. ടൂറിസം വികസിച്ചാൽ അത് നമ്മുടെ സഹോദ രിമാരെ ബാധിക്കുമെന്ന കൺസെപ്റ്റുണ്ടായിരുന്നു, അത് മാറിയേയ്ക്കും. ഇന്നലെ എന്റെ ഫേസ്ബുക്കിൽ വന്ന നാല് വാചകം ക്വാട്ട് ചെയ്യുകയാണ്.

അതു മറ്റൊന്നുമല്ല, സ്ത്രീയെക്കുറിച്ചുള്ള കൺസെപ്റ്റാണ്. "Woman came from Man's rib not from his feet to be walked down, not from his head to be superior, but from his side to be equal under his arm to be protected and close to his heart to be loved". പുതിയ കാഴ്ചപ്പാട് വരികയാണ്. ടൂറിസം ഒരിക്കലും നമ്മുടെ സംസ്ക്കാരത്തേയും പൈതൃകത്തേയും ബാധിക്കില്ല, മറിച്ച് ഒരു പുതിയ ശൈലിയിലേയ്ക്ക് നമ്മുടെ നാട് നീങ്ങുകയാണ്. വേറൊന്ന് പറയാനുള്ളത് ഹോംസ്റ്റേകളെക്കുറിച്ചാണ്. ഫോർട്ട്കൊച്ചിയിൽ മാത്രം ആതറൈസ്ഡായിട്ടുള്ള 45 ഹോംസ്റ്റേകളുണ്ട്, 20 എണ്ണം കുമ്പളങ്ങിയിലുണ്ട്. അൺ ആതറൈസ്ഡായി 300-ഓളം ഹോംസ്റ്റേകളുണ്ട്. ഈ ഹോംസ്റ്റേകളാണ് വരുമാനമുണ്ടാക്കിക്കൊടുക്കുന്നത്. വീടിന്റെ ഒരു ഭാഗം നന്നാക്കിക്കൊടുത്താൽ അവിടെ താമസിക്കാനാണ് ടൂറിസ്റ്റുകൾക്കിഷ്ടം. അതുകൊണ്ട് എനിക്കഭ്യർത്ഥിക്കാനുള്ളത്, ഇപ്പോൾ അവരുടെ പവർ താരിഫ് എന്നു പറയുന്നത്, 7എ കൊമേഴ്സ്യലാണ്. അത് ഡൊമസ്റ്റിക്കാക്കി കൊടുക്കാൻ നിയമനിർമ്മാണമുണ്ടാകണം. ഇക്കാര്യം തീർച്ചയായും ടൂറിസം വകുപ്പുമന്ത്രി ശ്രദ്ധിക്കുമെന്ന് ഞാൻ കരുതുന്നു. അതുപോലെ സ്പോർട്സിനെക്കുറിച്ച് ശ്രീ. ബെന്നി ബെഹനാൻ ഇവിടെ സബ്മിഷൻ. കൊണ്ടുവന്നു. ഇന്ന് ലോകത്തിലെ ഏറ്റവും വികസിക്കുന്ന ഒന്നാണ് സ്പോർട്സ് ടൂറിസം. യൂറോ കപ്പ് നടന്നത് രണ്ടു രാജ്യങ്ങളിലായാണ്, പോളണ്ടിലെ കാറ്റ്റോയിലും ജോർജ്ജിയയിലെ കീവിലും. ലക്ഷക്കണക്കിന് പേരാണ് ആ രണ്ടു രാജ്യങ്ങളിലും കളി കാണാൻ പോയത്. ലോകത്തെമ്പാടും ഇന്ന് പുതിയൊരു ടൂറിസം വികസന സാധ്യതയുള്ള ഒന്നായി സ്പോർട്സ് ആന്റ് ഗെയിംസ് മാറിയിരിക്കുന്നു. അടുത്ത വർഷം കേരളത്തിൽ ആരംഭിക്കാൻ പോകുന്ന ദേശീയ ഗെയിംസ്പോലും

പുറത്തുനിന്ന് ആളുകളെ ആകർഷിക്കാനും സ്പോർട്സ് ടൂറിസം ഇവിടെയുണ്ടാക്കിയെടുക്കാനും കഴിയുന്ന ഒന്നാക്കി മാറ്റാൻ കഴിയുമെന്നാണ് എന്റെ വിശ്വാസം. ഇവിടെ ഒരുപാട് പദ്ധതികൾ ആവിഷ്ക്കരിക്കുന്നുണ്ട്. ഇതൊക്കെ സമയബന്ധിതമായി പൂർത്തിയാക്കാനുള്ള ശ്രമം ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുകൂടിയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. തീർച്ചയായും കേരള ടൂറിസത്തിന് ലോക ടൂറിസം മാപ്പിൽ ഫലവത്തായൊരു സ്ഥാനമുണ്ടാക്കിയെടുക്കാൻ എല്ലാ ഗവൺമെന്റും ശ്രദ്ധിച്ചിട്ടുണ്ട്. പക്ഷേ ഈ ഗവൺമെന്റ് നിശ്ചയദാർഢ്യത്തോടുകൂടി ഒരു പുതിയ ടൂറിസം സംസ്ക്കാരമുണ്ടാക്കിയെടുക്കാനും അതുവഴി തൊഴിലുണ്ടാക്കിക്കൊടുക്കാനും നടത്തുന്ന ശ്രമങ്ങളെ അംഗീകരിച്ചുകൊണ്ടും രണ്ടു മന്ത്രിമാരും നടത്തുന്ന എല്ലാ പ്രവർത്തനങ്ങളെയും ശ്ലാഘിച്ചുകൊണ്ടും ഞാൻ നിറുത്തുന്നു.

ശ്രീ. വി. ശശി: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തമായി എതിർക്കുന്നു. ഭരണഘടന പ്രത്യേക പരിഗണന നൽകി പരിരക്ഷിച്ചിരിക്കുന്ന ജനവിഭാഗങ്ങളാണ് പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗങ്ങൾ. ഈ ജനവിഭാഗങ്ങളുടെ വികസനം ലക്ഷ്യമാക്കി നടപടി സ്വീകരിക്കുവാൻ ഭരണഘടനയിലെ ആർട്ടിക്കിൾ 16(4) കേന്ദ്ര–സംസ്ഥാന സർക്കാരുകൾക്ക് വളരെ വിശാലമായ അധികാരം നൽകിയിട്ടുണ്ട്. അതായത് പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസനം എന്നത് കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ ഉത്തരവാദിത്വമെന്നാണ് ഭരണഘടന അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ ഭരണഘടന നിലവിൽ വന്നിട്ട് 62 വർഷങ്ങൾ പിന്നിട്ടിട്ടും ഈ ഉത്തരവാദിത്തം കേന്ദ്ര–സംസ്ഥാന സർക്കാരുകൾ കുറ്റമറ്റ രീതിയിൽ നിർവ്വഹിച്ചിട്ടില്ല എന്നതാണ് പട്ടികവർഗ്ഗക്കാരുടെയും പട്ടികജാതിക്കാരുടെയും ഇന്നത്തെ ദു:സ്ഥിതി നമ്മെ പഠിപ്പിക്കുന്നത്. കേരളത്തിൽ ഭൂപരിഷ്ക്കരണ നിയമം സമഗ്രമായി നടപ്പാക്കിയപ്പോൾ പാട്ടക്കൃഷിക്കാരനും കാണകുടിയാനും ഭൂമിയുടെ ഉടമകളായി. എന്നാൽ മണ്ണിൽ പണിയെടുത്തുപോന്ന പട്ടികജാതിക്കാർ കൃഷിഭൂമിയിൽ നിന്നും പുറത്തായി, അവർക്ക് ലഭിച്ചത് പരമാവധി 10 സെന്റ് ഭൂമിയാണ്. പട്ടികവർഗ്ഗക്കാരുടെ കാര്യം ഇതിനേക്കാൾ കഷ്ടമാണ്. 1975–ൽ ഠവല ഗലൃമഹമ ടരവലറൗഹലറ ഠൃശയല (ഞലൃേശരശേീി ീി ൃേമിളെലൃ ീള ഹമിറ മിറ ൃലേെീൃമശേീി ീള മഹശലിമലേറ) ആശഹഹ നിയമസഭയിൽ അന്നത്തെ റവന്യൂ വകുപ്പുമന്ത്രിയായിരുന്ന ബേബിജോൺ അവതരിപ്പിച്ച് പാസ്സാക്കുകയുണ്ടായി. ആ നിയമസഭാ യോഗത്തിൽ അദ്ദേഹം സൂചിപ്പിച്ചത്, 95 ശതമാനത്തോളം ഭൂമിയും പട്ടികവർഗ്ഗക്കാരിൽ നിന്നും അപഹരിക്കപ്പെടുകയുണ്ടായി എന്നാണ്. 1975–ൽ പാസ്സാക്കിയ

ആ ബില്ലിന് എന്തുപറ്റിയെന്ന് നാമൊന്ന് തിരിഞ്ഞുനോക്കണം. ആ ബില്ല് പ്രകാരം ആദിവാസികളിൽ നിന്നും അപഹരിച്ചെടുത്ത ഒരിഞ്ചു ഭൂമിപോലും തിരിച്ചുപിടിക്കാൻ സാധിച്ചിട്ടില്ല. ആദിവാസികളിൽ നിന്ന് അപഹരിക്കപ്പെട്ട ഭൂമി തിരിച്ചെടുത്തു നൽകാനുണ്ടാക്കിയ നിയമം നടപ്പാക്കിയില്ല എന്നു മാത്ര മല്ല അപഹരിച്ചെടുത്ത ഭൂമി തുടർന്ന് കൈവശം വയ്ക്കാൻ അപഹരിച്ച വർക്കുതന്നെ അവകാശം നൽകുന്ന ഒരു നിയമമാക്കി അതിനെ മാറ്റി എന്നു പറഞ്ഞാൽ അതിൽ അതിശയോക്തിയില്ല. അങ്ങനെ ഭൂമിയിലുണ്ടാക്കിയ നിയ മങ്ങളൊന്നും പട്ടികവർഗ്ഗക്കാർക്കും പട്ടികജാതിക്കാർക്കും അവരുടെ സാമ്പ ത്തിക സാമൂഹ്യ പുരോഗതിക്ക് അടിസ്ഥാന സൗകര്യം സജ്ജമാക്കുവാൻ ഉപകരിച്ചില്ല എന്നതാണ് സത്യം. അതുകൊണ്ടുതന്നെ അതിനുശേഷം കോടി ക്കണക്കിന് രൂപ അവരുടെ സാമ്പത്തിക പുരോഗതിക്കുവേണ്ടി മുടക്കിയെ ങ്കിലും കാര്യമായ ഒരു പുരോഗതി അവരുടെ ജീവിതത്തിൽ സൃഷ്ടിച്ചെടുക്കു വാൻ നമുക്ക് കഴിഞ്ഞിട്ടില്ല. 2006 പട്ടികവർഗ്ഗങ്ങളും മറ്റു പരമ്പരാഗത വനവാ സികളും വനാവകാശ അംഗീകാര നിയമം, കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് ശക്തമായി നടപടിയെടുത്തു. അത് ഇവിടെ നടപ്പാക്കുകയുണ്ടാ യി. 25808 ആദിവാസി കുടുംബങ്ങൾക്ക് 30000-ത്തിൽപ്പരം ഏക്കർ ഭൂമി വിത രണം നടത്തുവാൻ കഴിഞ്ഞു എന്നാണ് രേഖകൾ കാണിക്കുന്നത്. ഇതിലൂടെ ഈ കുടുംബങ്ങൾക്കുണ്ടാകുന്ന നേട്ടങ്ങളെ സംബന്ധിച്ച് കാര്യമായ ഒരു വിലയിരുത്തൽ നടത്തേണ്ടതുണ്ട് എന്നാണ് എനിക്ക് തോന്നുന്നത്. പട്ടികജാ തി-പട്ടികവർഗ്ഗ വികസനത്തിനുവേണ്ടി എസ്.സി.പി./ടി.എസ്.പി. ഫണ്ട് നീക്കിവച്ചുകൊണ്ടുള്ള വികസനപരിപാടികൾ 1985 മുതൽ നടപ്പാക്കിയെ ങ്കിലും കേന്ദ്രസർക്കാർ ഈ നയം പൂർണ്ണമായും പരിപാലിക്കപ്പെടുന്നില്ല എന്നാണ് രേഖകൾ കാണിക്കുന്നത്. പട്ടികവർഗ്ഗക്കാരുടെ വികസനം ലക്ഷ്യ

മാക്കി അവരുടെ ജനസംഖ്യക്ക് ആനുപാതികമായ തുക, അതായത് 8.5 ശതമാനം തുക ബഡ്ജറ്റിൽ നീക്കിവയ്ക്കണമെന്നതാണ് നയം. എന്നാൽ 2011–12–ലെ മൊത്ത ബഡ്ജറ്റ് പ്ലാൻ പരിശോധിക്കുമ്പോൾ ടി.എസ്.പി. വിഹിതം 4.3 ശതമാനത്തിൽ താഴെയാണെന്ന് കാണുന്നു, 2012–13–ലേത് 4.1 ശതമാനവും. കേന്ദ്ര സർക്കാരിന്റെ ആത്മാർത്ഥതയില്ലായ്മയേയാണ് ഇത് ചൂണ്ടിക്കാണിക്കുന്നത്. ഭരണഘടനാപരമായ ചുമതല നിർവ്വഹിക്കുന്നതിനും കേന്ദ്ര സർക്കാർ ഇവിടെ പരാജയപ്പെടുകയാണുണ്ടാകുന്നത്. കേന്ദ്ര സർക്കാരിന്റെ ഇത്തരം സമീപനങ്ങൾ പലപ്പോഴും പൊതു സമൂഹത്തിനുമുന്നിൽ എത്തപ്പെടുന്നില്ല എന്നുകാണാം. ഭണഘടനയിലെ 338-ാം ആർട്ടിക്കിൾ അനുസരിച്ച് തയ്യാറാക്കുന്ന ദേശീയ പട്ടികജാതി പട്ടികവർഗ്ഗ കമ്മീഷൻ റിപ്പോർട്ടുകൾ പാർലമെന്റിൽ മാത്രമല്ല നിയമസഭകളിലും ചർച്ചയ്ക്ക് വിധേയമാക്കണമെന്ന് നമ്മുടെ ഭരണഘടന ശക്തമായ ഭാഷയിൽ അനുശാസിക്കുന്നുണ്ട്. കേരള നിയമസഭ ആദ്യത്തെ കമ്മീഷൻ റിപ്പോർട്ട് ചർച്ചയ്ക്ക് എടുത്തിട്ടുണ്ട്. 1955-ലെ കമ്മീഷൻ റിപ്പോർട്ട്, 1957 –ലെ ആദ്യത്തെ കമ്മ്യൂണിസ്റ്റ് ഇ.എം.എസ് മന്ത്രിസഭയിൽ അന്ന് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മന്ത്രിയായിരുന്ന ശ്രീ. പി.കെ. ചാത്തൻ മാസ്റ്റർ അവതരിപ്പിച്ച് ചർച്ച ചെയ്യപ്പെടുകയുണ്ടായി. അപ്രകാരം ഒരു ചർച്ച അതിനുശേഷം ഈ നിയമസഭയിൽ നടന്നതായി കാണുന്നില്ല. സംസ്ഥാനത്ത് പട്ടികവർഗ്ഗ കമ്മീഷൻ എന്ന പേരിൽ ഒരു സംവിധാനം നാം ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ ഒരു ചോദ്യത്തിൽ ബഹുമാനപ്പെട്ട പട്ടികജാതി വികസന വകുപ്പുമന്ത്രി സൂചിപ്പിച്ചത് ആ കമ്മീഷൻ യാതൊരു ശുപാർശകളോ റിപ്പോർട്ടോ ഗവൺമെന്റിന് സമർപ്പിച്ചിട്ടില്ല എന്നാണ്. ഇത് വളരെ ദു:ഖകരമായ ഒരു കാര്യമാണ്. വളരെ

യേറെ ചെലവുകൾ വഹിച്ചുകൊണ്ട് ഇത്തരം ഒരു സംസ്ഥാന കമ്മീഷനെ ഇവിടെ നിയോഗിച്ചിട്ടുണ്ടെങ്കിലും അദ്ദേഹം ഒരു റിപ്പോർട്ടുകളും ശുപാർശ കളും കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ നൽകിയിട്ടില്ല എന്ന മന്ത്രിയുടെ പ്രസ്താവന വളരെ വിഷമത്തോടുകൂടിയാണ് ഞാൻ കേട്ടിരുന്നത്. നവഉദാരവൽക്കരണ നയങ്ങളുടെയും പരിപാടികളുടെയും ആഘാതം ഏറ്റവും കൂടുതൽ ഏൽക്കുന്നത് പട്ടികജാതിയിലും പട്ടികവിഭാഗത്തിലുംപെട്ട ജനവിഭാഗങ്ങൾക്കാണ്. ഇവരുടെ വികസനം ലക്ഷ്യമാക്കി ഈ ഗവൺമെന്റിന്റെ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനം കാര്യമായ ഒരു നേട്ടവും അവകാശപ്പെടുവാൻ ഇല്ലാതെ കടന്നുപോയി എന്നാണ് കണക്കു കളും റിപ്പോർട്ടുകളും കാണുമ്പോൾ മനസ്സിലാകുന്നത്. കുറെ ക്ഷേമപ്രവർത്തനങ്ങളുടെ സ്ഥിരം പരിപാടികൾ നടപ്പാക്കിയതല്ലാതെ സാമ്പ ത്തിക പുരോഗതി ലക്ഷ്യമാക്കിയുള്ള ഒരു കാര്യവും ഈ ഗവൺമെന്റിന് ചെയ്യാൻ സാധിച്ചിട്ടില്ല. മാത്രമല്ല കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ പട്ടിക ജാതി വികസനത്തിനുവേണ്ടി 635.8 കോടി രൂപ വകകൊള്ളിച്ചതിൽ 49.52 കോടി രൂപ ലാപ്സാക്കി എന്ന ദു:ഖകരമായ ഒരു കാര്യവും കഴിഞ്ഞ വർഷം സംഭവിച്ചിട്ടുണ്ട്. അത് ഏത് മേഖലകളിലാണ് നഷ്ടപ്പെട്ടത് എന്നുനോക്കു മ്പോഴാണ് കൂടുതൽ പ്രയാസം തോന്നുന്നത്. നാം ക്യാപ്പിറ്റൽ ഹെഡിൽ നീക്കിവച്ചിരിക്കുന്ന മിക്കവാറും കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് 50 ശത മാനം കേന്ദ്രസഹായം ഗവൺമെന്റ് ഓഫ് ഇന്ത്യയിൽ നിന്ന് കിട്ടുന്ന പദ്ധതി കളുടെ വിഹിതങ്ങളാണ് ലാപ്സാക്കിയിരിക്കുന്നതായി കാണുന്നത്. 'പൂൾഡ് ഫണ്ട്' എന്ന പേരിൽ നീക്കിവച്ച 60 കോടി രൂപയിൽ 10 കോടി 98 ലക്ഷം

രൂപ ചെലവഴിക്കുകയുണ്ടായില്ല. ചെലവഴിച്ചതായി പ്രഖ്യാപിക്കുന്ന 49.38 കോടി രൂപയിൽ 30 കോടിയോളം രൂപ വകമാറ്റി സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് നിക്ഷേപിച്ചെന്നുള്ളതല്ലാതെ അത് പൂർണ്ണമായി ചെലവഴിക്കുവാൻ ഈ ഗവൺമെന്റിന് സാധിച്ചില്ല. അംബേദ്കർ ഭവൻ പ്രീ-എക്സാമിനേഷൻ സെന്റർ, എം.ആർ.എസ്., ലാന്റ് ആന്റ് ബിൽഡിംഗ് ഫോർ ഐ.ടി.സി. തുടങ്ങിയ ഹെഡ്ഡുകളിലേയ്ക്ക് നീക്കിവച്ചിട്ടുള്ള തുകയിൽ 13.88 കോടി രൂപയും ലാപ്സാക്കിയതായി കാണുന്നു. അതുപോലെ കോച്ചിംഗ് ആന്റ് അലൈഡ്-ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ സ്കീമാണ്. 100 ശതമാനം കേന്ദ്രസഹായം കിട്ടുന്ന ഒരു പദ്ധതിക്ക് രണ്ടു കോടി രൂപ വകവച്ചിട്ടുള്ളതിൽ ചെലവഴിച്ചത് വെറും 24 ലക്ഷം രൂപയാണ്. പട്ടികവർഗ്ഗ വികസനവകുപ്പിലും ഇതേ രീതിതന്നെ അവലംബിച്ചതായി കാണാം. പട്ടികവർഗ്ഗ വികസന വകുപ്പിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് 35.08 കോടി രൂപ വകകൊള്ളിച്ചതിൽ ചെലവഴിച്ചത് വെറും 14.28 കോടി മാത്രമാണ്. 20.8 കോടി രൂപ ഈ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി നീക്കിവച്ചതിൽ പട്ടികവർഗ്ഗ വികസന വകുപ്പിലും ലാപ്സാക്കിയിട്ടുണ്ട്. എസ്.സി./എസ്ടി വിദ്യാഭ്യാസരംഗത്ത് ഒരു കാര്യം കൂടി പറയുവാനുണ്ട്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.......

ശ്രീ. വി. ശശി : ഇവിടെ 2600 ഡോക്ടർമാരാണ് ഒരു വർഷത്തെ ടാർജറ്റ്. ഏറ്റവും ഒടുവിലത്തെ കണക്കുപ്രകാരം 2600 ഡോക്ടർമാരെ സൃഷ്ടിക്കുന്ന കേരളത്തിൽ പട്ടികജാതി പട്ടികവർഗ്ഗക്കാരിൽ നിന്നുമാത്രം

ഏതാണ്ട് 110-120 വിദ്യാർത്ഥികൾക്കാണ് അഡ്മിഷൻ കൊടുക്കുന്നത്. വെറും 4.6 ശതമാനം. കേരളത്തിൽനിന്നും പുറത്തിറങ്ങുന്ന ഡോക്ടർമാരിൽ 10 ശതമാനം പട്ടികജാതി പട്ടികവർഗ്ഗക്കാർ ഉണ്ടായിരിക്കണമെന്ന നയം ഇന്ന് വെറും 4.6 ശതമാനമായി ചുരുങ്ങിയിരിക്കുന്നു എന്നുള്ള വസ്തുത ഗവൺമെന്റ് ഗൗരവത്തോടുകൂടി കാണണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ഈ രംഗത്ത് മാത്രമല്ല മറ്റെല്ലാ വിദ്യാഭ്യാസ മേഖലയിലും പ്രത്യേകിച്ചും പ്രൊഫഷണൽ കോളേജ് വിദ്യാഭ്യാസ മേഖലയിൽ ഈ കുറവ് നാൾക്കുനാൾ കൂടിവരുന്നു എന്നുള്ളതാണ് വസ്തുത. പട്ടികവർഗ്ഗ വികസനത്തെക്കുറിച്ച് ഒരു കാര്യം കൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കാം.

മി. ചെയർമാൻ : രണ്ട് മിനിട്ടിലധികമായി.

ശ്രീ. വി. ശശി : പട്ടികവർഗ വികസന വകുപ്പിൽ 101.85 ലക്ഷം രൂപ അട്ടപ്പാടി ഐ.റ്റി.പി.-യുടെ കീഴിൽ ...

മി. ചെയർമാൻ : ഇന്ന് വളരെ വൈകിയാണ് ചർച്ച ആരംഭിച്ചത്....

ശ്രീ. വി. ശശി : സർ, ഒരു മിനിട്ടുകൂടി തരണം...

മി. ചെയർമാൻ : ഇപ്പോൾതന്നെ രണ്ടുമൂന്ന് മിനിട്ട് അധികമായി.

ശ്രീ. വി. ശശി : പട്ടികവർഗ്ഗ വികസന വകുപ്പിൽ നിർമ്മിതിയുടെ ഉപകേന്ദ്രത്തിൽ അനുവദിക്കുകയുണ്ടായി. .....

മി. ചെയർമാൻ : ഇങ്ങനെയാണെങ്കിൽ മറ്റുള്ള മെമ്പർമാർക്കും കൊടുക്കേണ്ടിവരും. മറ്റ് മെമ്പർമാർക്കും കൂടുതൽ സമയം കൊടുക്കേണ്ടിവരും.

ശ്രീ. വി. ശശി : ഇങ്ങനെ നിയമവിരുദ്ധമായി നടപ്പാക്കി വരികയാണ്. ബഹുമാനപ്പെട്ട മന്ത്രി ഈ വിഷയം പരിശോധിക്കണം. അവിടെ എഞ്ചിനീയ

റിംഗ് കൺസ്ട്രക്ഷൻസ് വിവാദത്തിലാണ്. അവിടെ വേണ്ടത്ര ജീവനക്കാരില്ല. ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർത്തുകൊണ്ട് നിർത്തുന്നു.

ശ്രീ. റ്റി.എ. അഹ്മദ് കബീർ : സർ, ഈ രണ്ട് ധനാഭ്യർത്ഥനകളെയും ഞാൻ അനുകൂലിക്കുകയാണ്. പട്ടികജാതി-പട്ടികവർഗ്ഗ ന്യൂനപക്ഷ പിന്നോക്ക സമുദായങ്ങളുടെ പുരോഗതി ലാക്കാക്കിയുള്ള പ്രവർത്തനങ്ങൾക്ക് ബന്ധപ്പെട്ട മന്ത്രിമാർ ഗുണപരമായ നേതൃത്വമാണ് നൽകുന്നത് എന്ന കാരണത്താലാണ് ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നത്. ശ്രദ്ധിച്ചു നോക്കിയാൽ ഈ മേഖലകളിൽ ഗവൺമെന്റ് നടത്തുന്ന പരിശ്രമങ്ങൾ ഭരണഘടനാ ലക്ഷ്യങ്ങൾ മുൻനിർത്തിയാണെന്ന് നമുക്ക് കാണാൻ കഴിയും. പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റു 1951 മെയ് 10-ന് നമ്മുടെ ഭരണഘടനയ്ക്ക് ആദ്യമായ ഒരു ഭേദഗതി കൊണ്ടുവന്നു. ആ ഭേദഗതി ഈ വർഗ്ഗങ്ങളുടെ വിമോചനത്തിന് അനുകൂലമായ ഒരു സാഹചര്യം ഉണ്ടാക്കാനായിരുന്നു എന്ന് തിരിച്ചറിഞ്ഞ സഭയാണ് ഇത്, തിരിച്ചറിഞ്ഞ സംസ്ഥാനമാണ് ഇത്. അത് കെട്ടിപ്പടുക്കാൻവേണ്ടി ശ്രമിച്ച വളരെ ജീർണ്ണമായ മൂല്യബോധത്തോട് തിരസ്ക്കാരം പറഞ്ഞ ഒരു സംസ്ഥാനമാണ് കേരളം. അതുകൊണ്ടുതന്നെ ഈ ഗവൺമെന്റ് നേരത്തെ സൂചിപ്പിച്ച സമൂഹങ്ങളുടെ പുരോഗതിക്കുവേണ്ടി നടത്തുന്ന ശ്രമങ്ങൾ, ഈ നാട്ടിലെ എല്ലാ വിഭാഗം ജനങ്ങളും സർവ്വാത്മനാ സഹകരിക്കും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇവിടെ പട്ടികജാതിക്കാർക്കുവേണ്ടി വകുപ്പുമന്ത്രി നടപ്പിലാക്കുന്ന നിരവധി പദ്ധതികളുണ്ട്. അവിടെയെല്ലാം ഞാൻ ശ്രദ്ധിച്ച ഒരു കാര്യം അവരുടെ ശാക്തീകരണമാണ് ലക്ഷ്യം വയ്ക്കുന്നത് എന്നുള്ളതാണ്. തൊലിപുറമെയുള്ള ഉപരിപ്ലവമായ നിർദ്ദേശങ്ങൾക്കപ്പുറം ഒരു ജനതയെ ദേശീയ ജീവിതത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരാൻ നടക്കുന്ന ഈ ശ്രമം വളരെ ഗണനീയമായ മാറ്റങ്ങളുണ്ടാക്കും എന്ന് നമുക്ക് ബോധ്യം വന്നിരിക്കു

കയാണ്. ഏതെങ്കിലും ഒരു സമൂഹത്തെ എംപവർ ചെയ്താൽ ഈ രാജ്യമാണ് എംപവേഡ് ആകുന്നതെന്ന യാഥാർത്ഥ്യം ഈ സമൂഹം തിരിച്ചറിയുകയാണ്. മഹാനായ അംബേദ്കർ എപ്പോഴും പറഞ്ഞ ഒരു കാര്യമുണ്ട്–. reach the unreached എന്ന്. അതാണ് പ്രശ്നം. സമൂഹത്തിന്റെ മേലേത്തട്ടിലേയ്ക്ക് വരാൻ കഴിയാതെ പോയ ഒരു സമൂഹമുണ്ട്. ആ സമൂഹത്തിന്റെ നടപടിശ്രമങ്ങളിൽ ജാതീയത കാണരുത്. ഞാൻ ഇടതുപക്ഷത്തെ അന്ധമായി എതിർക്കുന്ന ഒരാളല്ല. ഇവിടെ ധനാഭ്യർത്ഥനകളിൽ പലപ്പോഴും ചില അംഗങ്ങളെ മുന്നിൽനിർത്തി ഈ ശ്രമങ്ങളുടെ പേരിൽ ജാതീയതയും വർഗ്ഗീയതയും ഉണ്ടാക്കാൻ സഹായകമായ വാദകോലാഹലങ്ങൾ ഉയർത്താൻ ശ്രമിച്ചിട്ടുണ്ട്. ഞാൻ ആത്മാർത്ഥമായി പറയുകയാണ് മുസ്ലീംലീഗിനെ ആക്ഷേപിക്കാൻ ഒരു ശ്രമമുണ്ട്. ഈ സഭയുടെ നേതാവായിരുന്ന സി.എച്ച്. മുഹമ്മദ് കോയ സാഹിബ്ബിന്റെ പാർട്ടിയാണ് ഇത്. ഈ സഭയുടെ അധ്യക്ഷനായിരുന്ന കെ.എം. സീതീ സാഹിബ്ബിന്റെ പാർട്ടിയാണിത്. ഈ പാർട്ടിക്ക് വ്യക്തമായ വീക്ഷണമുണ്ട്. ആ വീക്ഷണത്തിൽ വെള്ളം ചേർക്കാൻ ഞങ്ങൾ അനുവദിക്കുന്ന പ്രശ്നമില്ല. ഞങ്ങളുടെ പ്രഖ്യാപിതമായ നയമുണ്ട്. ഞങ്ങൾക്ക് അവകാശപ്പെട്ട ഒരു മുടി നാരിഴപോലും വിട്ടുകൊടുക്കുകയില്ല. എന്നാൽ സഹോദര സമുദായങ്ങൾക്ക് അവകാശപ്പെട്ട ഒരു മുടിനാരിഴ പോലും ഞങ്ങൾക്ക് ആവശ്യമില്ല എന്ന് പ്രഖ്യാപിക്കുന്ന സുചിന്തിതമായ ഒരു നിലപാടാണ് ഈ കാര്യത്തിൽ ഈ സംഘടന ഇതപര്യന്തം സ്വീകരിച്ചിട്ടുള്ളതെന്ന് കേരളത്തിലെ ജനങ്ങൾക്ക് അറിയാം. അതുകൊണ്ട് എനിക്ക് ഒരു കാര്യമേ പറയുവാനുള്ളൂ. മഹാനായ തോപ്പിൽ ഭാസി പറഞ്ഞ, ‘എച്ചിൽ തിന്നുന്നവർക്ക് അത് ആകാം. പക്ഷേ ആ എച്ചിൽക്കൈ മാന്യന്മാരുടെ ഉടു

പ്പുകളിലേയ്ക്ക് എറിയാൻ ശ്രമിക്കരുത്' എന്ന വാക്യം കേരളത്തിന് മറക്കാൻ പറ്റാത്ത ഒരു വാക്യമാണ്. അങ്ങനെ ഒരു ശ്രമം ഉണ്ടായാൽ ഞങ്ങൾ ആത്മാർത്ഥമായി പറയുകയാണ് ഈ ഭീഷണിക്കുമുമ്പിൽ ഞങ്ങൾ മുട്ടുമടക്കുകയില്ല. ഈ അപകീർത്തി ശ്രമങ്ങൾക്കുമുമ്പിൽ മുസ്ലീംലീഗ് മുട്ടുമടക്കുകയില്ല. മുസ്ലീംലീഗ് അതിന്റെ പ്രഖ്യാപിത നയങ്ങളുമായി ഈ നാട്ടിലെ അധ:സ്ഥിത വർഗ്ഗത്തിനോടൊപ്പം, എല്ലാ വിഭാഗം ജനങ്ങൾക്കുമൊപ്പം മുന്നോട്ട് പോകും. നമുക്കറിയാം, ഈ സഭയ്ക്കറിയാം, എങ്ങനെയാണ് ഇവിടെ മലയാളി മെമ്മോറിയൽ ഉണ്ടായത്? അവകാശ സംരക്ഷണമായിരുന്നില്ലേ വിഷയം. മലയാളി മെമ്മോറിയലിന്റെ കഥ നാം മറന്നുകളയരുത്. എന്തുകൊണ്ട് ഈഴവ മെമ്മോറിയൽ വന്നു; എന്തുകൊണ്ട് നിവർത്തന പ്രക്ഷോഭം വന്നു? ഇതിന്റെയെല്ലാം പിന്നിലുള്ളത് ഭരണഘടനാപരമായി ഒരു ജനതയെ വളർത്തിക്കൊണ്ടുവരാനുള്ള ആത്മാർത്ഥമായ ശ്രമമാണെന്നുള്ളത് ആർക്കും നിരാകരിക്കാൻ കഴിയില്ല. ഞങ്ങൾ ആ മാർഗ്ഗത്തിലാണുള്ളത്. ഞങ്ങൾ ഒരിക്കലും ദേശീയ ജീവിതത്തിന്റെ മുഖ്യധാരയിൽ നിന്ന് അകന്നുപോകാൻ ആഗ്രഹിക്കുന്നില്ല. രാഷ്ട്ര നിർമ്മാണവും സമുദായ സേവനവും ഒരുമിച്ച് കൊണ്ടുപോകാൻ ആഗ്രഹിക്കുന്ന ഒരു രാഷ്ട്രീയ സമീപനം പുരോഗമനപരമായ ഉള്ളടക്കംകൊണ്ട് ഈ രാഷ്ട്രം അംഗീകരിക്കുമെന്ന് ഞങ്ങൾ പ്രത്യാശിക്കുകയാണ്. അതുകൊണ്ടുതന്നെ ഈ വകുപ്പ് നടത്തുന്ന എല്ലാ ശ്രമങ്ങളും......... നമുക്കെല്ലാവർക്കും അറിയുന്നതാണ്, ശ്രീനാരായണ ഗുരുവിന്റെ പിൻഗാമികളായ മഹാനായ പി. കെ. മാധവൻ, സഹോദരൻ അയ്യപ്പൻ, സി. കേശവൻ, കുമാരനാശാൻ എന്നിവർ ഒരുഭാഗത്തും മറുഭാഗത്ത് അയ്യങ്കാളി,.......... മഹാനായ മന്നത്തപ്പൻ പറഞ്ഞതുപോലെ നായർ സമുദായം

നാല് കെട്ടുകളുമായി  മുന്നോട്ടുപോകയാണ്. ആ കെട്ടുകൾ എന്താണെന്ന് നമുക്ക് എല്ലാവർക്കും അറിയാം.   കേസ്കെട്ട്, കുതിരകെട്ട്, താലികെട്ട് അങ്ങനെ നാല് കെട്ടുകളുമായി മുന്നോട്ട് പോകുന്ന ഒരു സമുദായത്തെ മഹാനായ  മന്നത്തപ്പൻ  കേരളക്കരയിലെ ഉത്കൃഷ്ടമായ ഒരു സമുദായ മാക്കി മാറ്റാൻ ശ്രമിച്ചു.  മലയാളി മെമ്മോറിയലായാലും ഈഴവ മെമ്മോറിയ ലായാലും നിവർത്തന  പ്രക്ഷോഭണമായാലും ഇതെല്ലാം ശ്രമിച്ചത് ഈ ജന തയെ നമ്മുടെ നാട്ടിൽ മുന്നോട്ട് കൊണ്ടുവരാനാണ്.  അത് ഭരണഘടനാ ലംഘനമല്ല.  ഇവിടെ  നിയമപരമായ വാഴ്ച ഉണ്ടാകണം.  ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ 15–ാം വകുപ്പിൽ 4–ാം ഉപവകുപ്പ് ചേർക്കാൻ ജവഹർലാൽ നെഹ്റു മുന്നോട്ടുവന്നതിന്റെ താല്പര്യം എന്തായിരുന്നോ അതിനനുസൃതമായി ഞാനും നിങ്ങളും  മുന്നോട്ട് പോകേണ്ടതുണ്ട്. ഇവിടെ ഏതാനും സ്കൂളുകൾക്ക് എയ്ഡഡ് പദവി കൊടുക്കാൻ സർക്കാർ തീരുമാനിക്കുമ്പോൾ അതൊരു ഓശാരമായി ഒരു സൗജന്യമായി എങ്ങനെയാണ് ഈ സഭയ്ക്ക് കാണാൻ കഴിയുക? ‘An objection necessarily may not be a rejection, most probably it may be a gentle request for more information’. ഈ സർക്കാർ ഈ പുകമറ ഒഴിവാക്കിയെടുക്കുന്നതിനുവേണ്ടി സുവ്യക്തമായ രേഖകൾ ഈ സഭയ്ക്കു മുമ്പിൽ അവതരിപ്പിച്ചുകൊണ്ട് ഒരു ജനതയെ മുന്നോട്ട് കൊണ്ടുവരുമ്പോൾ, ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഒരു ജനത എംപവേർഡ് ആകുമ്പോൾ എന്റെ രാജ്യമാണ് എംപവേർഡ് ആകുന്നത്.  മഹാനായ മഹാത്മാ ഭൂലേ നാഗ്പൂരിൽ–മഹാരാഷ്ട്രയിൽ–പൂനെയിൽ ഈ ജനതയ്ക്കുവേണ്ടി നടത്തിയ സമരമുണ്ട്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് പറയുകയാണ് ഭൂലേയുടെ

ഭാര്യ സാവിത്രി ഭായിക്ക് സ്മാരകം നിർമ്മിക്കണം. സാവിത്രി ഭായിയുടെ പേരിൽ ഇവിടെയൊരു പദ്ധതി ആവിഷ്ക്കരിക്കണം. മഹാനായ മഹാത്മാ ഭൂലേയും മഹാനായ ഡോ. ബി.ആർ. അംബേദ്കറും ശ്രീനാരായണ ഗുരുവും നമുക്ക് കാണിച്ചുതന്ന മാർഗ്ഗം ദേശീയമായ ഐക്യമാണ്. ഈ രാജ്യത്തെക്കാൾ വലുതായി നമുക്ക് എന്താണുള്ളത്? ജാതി–മത പുകമറ സൃഷ്ടിച്ച് ഒരു ഇടതുപക്ഷ പ്രസ്ഥാനം വാടകയ്ക്ക് കിട്ടിയ ആളുകളെ ഉപയോഗപ്പെടുത്തി ഈ സമൂഹത്തെ ആക്ഷേപിക്കാൻ മുന്നോട്ട് വന്നാൽ ആ ഒറ്റുകാരുടെ ജൽപ്പനങ്ങൾക്കുമുമ്പിൽ ഈ സമുദായമോ ഈ നാടോ അന്തംവിട്ട് നില്ക്കുകയില്ല. ഞങ്ങൾ ഭീരുക്കളായി പിന്തിരിഞ്ഞ് പോകുകയില്ല. ഞങ്ങൾ ഈ സമരവുമായി മുന്നോട്ട് പോകുകതന്നെ ചെയ്യും. നായയ്ക്ക് വാലാണ് അതിന്റെ വ്യക്തിത്വം സൃഷ്ടിക്കുന്നത്. ആ വാല് വേണമെന്ന് ആരെങ്കിലും പറഞ്ഞാൽ സ്വാഭാവികമായും....... അതിന് ഞാൻ എതിരല്ല. അത് ഓരോരുത്തരുടേയും വ്യക്തിത്വമാണ്. അത് അവർക്കാകാം. പക്ഷേ ഞങ്ങൾ മുസ്ലീംലീഗിന്റെ പ്രവർത്തകന്മാർക്ക് സുചിന്തിതമായ ഒരു നിലപാടുണ്ട്. ഒരു മുസ്ലീം എന്നു പറയാൻ ആക്ഷേപമില്ലാത്ത ഒരാളാണ് ഇവിടെ നില്ക്കുന്നത്. അതുകൊണ്ട് ലീഗുകാരൻ ആണെന്ന് പറയുന്നതിൽ ഒരു ആക്ഷേപവും ഞങ്ങൾക്കില്ല. ഞങ്ങൾ ഈ രാജ്യത്തിന്റെ നിർമ്മാണത്തിൽ മുൻകയ്യെടുത്തുകൊണ്ട് എല്ലാ വിഭാഗം ജനങ്ങളേയും കൂടെ നിറുത്തിക്കൊണ്ട് മുന്നോട്ട് പോകും എന്ന് പറയാനാണ് ഈ സന്ദർഭം ഞാൻ ഉപയോഗപ്പെടുത്തുന്നത്. മഹാനായ മാർട്ടിൻ ലൂഥർകിംഗ്– ന്റെ ഒരു വചനം ഈ സഭയ്ക്ക് അപരിചിതമായിരിക്കുകയില്ല. മാർട്ടിൻ ലൂഥർകിംഗ് നീഗ്രോ പ്രസ്ഥാനത്തിന്റെ തലവനായിരുന്നു. മാർട്ടിൻ അമേരിക്കൻ ജനതയുടെ മുമ്പിൽ കേണപേക്ഷിച്ചു ഞാനും എന്റെ പത്നിയും പട്ടിണി കിടക്കാൻ തയ്യാ

റാണ്, പക്ഷേ എന്റെ കുഞ്ഞ് ഈ ലോകത്തിന് മുന്നിൽ ആക്ഷേപിതനായി നില്ക്കുന്നത് കാണാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എന്റെ മകൻ ചോദിക്കുക യാണ്– അച്ഛാ എന്ത് തെറ്റ് ചെയ്തിട്ടാണ് ഞാൻ ഈ ആക്ഷേപം പേറുന്നത്; ഞാൻ പട്ടിണി കിടക്കുന്നത്? സ്നേഹമുള്ളവരെ മാർട്ടിൻ ലൂഥർകിംഗ് ഈ ലോകത്തോട് വിളിച്ചുപറഞ്ഞ കാര്യം...... മഹാനായ ഭൂലേ വിളിച്ചു പറഞ്ഞ കാര്യം, സാവിത്രി ഭായ് പറഞ്ഞ ഒരു കാര്യമുണ്ട് 'Go, get education'- മഹാത്മാ ഭൂലേയുടെ പത്നി സാവിത്രി ഭായ് നിരക്ഷരയായിരുന്നു. നിരക്ഷര യായിരുന്ന ആ സ്ത്രീ സ്വന്തം ഭർത്താവ് നല്കിയ വിദ്യാഭ്യാസത്തിൽ നിന്നും ശക്തി നേടിക്കൊണ്ട് ലോകത്തോട് വിളിച്ചു പറഞ്ഞു 'Go to all fields and get education'....... അതുകൊണ്ടാണ് ഡോ. ബി.ആർ. അംബേദ്കർ education, എന്നത് enlightenment ആണെന്നും enlightenment, എന്നത് empowerment ആണെന്നും പറഞ്ഞത്. അതിനാവശ്യമായ പ്രവർത്തനങ്ങളു മായി ഈ ഡിപ്പാർട്ടുമെന്റുകൾ മുന്നോട്ട് പോകണമെന്ന് അപേക്ഷിക്കുക യാണ്. ന്യൂനപക്ഷ വകുപ്പിന്റെ കാര്യത്തിൽ എയ്ഡഡ് ആണെങ്കിലും അൺ–എയ്ഡഡ് ആണെങ്കിലും ഗവൺമെന്റാണെങ്കിലും നിയമത്തിന് വിധേയമാണത്. ഇവിടെ നിയമത്തെയാണ് നിങ്ങൾ കൊഞ്ഞനം കുത്തുന്നത്. ഞങ്ങളെ ആക്ഷേപിക്കാൻ സമ്മതിക്കുകയില്ല. വളരെ വ്യക്തമായി ഒരു കാര്യംകൂടി പറയാൻ ആഗ്രഹിക്കുകയാണ്. ഇന്ന് മലബാർ പിന്നിലാണെന്നു ള്ള കാര്യം ഈ സ്നേഹിതന്മാർ മനസ്സിലാക്കണം. ഞങ്ങളെ വിമർശിച്ച് കയ്യടി വാങ്ങാൻ ശ്രമിക്കുമ്പോൾ നിങ്ങൾ ചെയ്യുന്നത് എന്താണെന്ന് ഈ സമൂഹം തിരിച്ചറിയുന്നുണ്ട്. മാതൃഭൂമിയിൽ കഴിഞ്ഞ ദിവസം വന്ന ലേഖനം,

ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിലെ ഒരു ഉദ്യോഗസ്ഥൻ എഴുതിയതാണ്. അദ്ദേഹം പറഞ്ഞു വികസന സൂചികകളിൽ, പ്രതിശീർഷ വരുമാനത്തിന്റെ കാര്യത്തിൽ മലബാർ പിന്നിലാണ്. ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളുടെ പ്രതിശീർഷ ഉത്പാദനത്തിൽ മലബാർ പിന്നിലാണ്. പ്രതിശീർഷ ബാങ്ക് വായ്പയിൽ മലബാർ പിന്നിലാണ്. നിങ്ങൾ കേൾക്കണം, സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ ഒരുലക്ഷം പേർക്ക് ലഭിക്കുന്ന സീറ്റുകളുടെ എണ്ണംവച്ച് പരിശോധിച്ചാൽ മലബാർ പിന്നിലാണ്. ഇത് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിലെ ഒരു പ്രൊഫസർ ജോൺ സെബാസ്റ്റ്യൻ മാതൃഭൂമി ദിനപ്പത്രത്തിൽ എഴുതിയ ലേഖന പരമ്പരയിൽ സുവ്യക്തമായി പറഞ്ഞ കാര്യങ്ങളാണ്. അതിന്റെ അർത്ഥം എന്താണ്? ഇടതുപക്ഷം .........

മി. ചെയർമാൻ: അങ്ങയുടെ സമയം അവസാനിച്ചു.........

ശ്രീ. റ്റി.എ. അഹ്മദ് കബീർ: ഞാൻ നീട്ടിക്കൊണ്ടുപോകാൻ ആഗ്രഹിക്കുന്നില്ല. നിങ്ങൾ ഒരു വലിയ മുദ്രാവാക്യം വിളിച്ചു. നിങ്ങൾ വിളിച്ചതെന്താണ്; അൺ-എയ്ഡഡ് മേഖലയിൽ വിഭ്യാഭ്യാസ സ്ഥാപനങ്ങൾ വേണ്ട,......... ഇവിടെ എയ്ഡഡ് മേഖലയിൽ സ്ഥാപനമുണ്ടോ; ഗവൺമെന്റ് മേഖലയിൽ സ്ഥാപനം ഉണ്ടോ? എന്റെ നേതാവ് സി. എച്ച്. മുഹമ്മദ് കോയ സാഹിബ് വിദ്യാഭ്യാസ മന്ത്രി ആയിരുന്ന കാലത്ത് വിഭ്യാഭ്യാസം സാർവ്വത്രികമാക്കി. ഞങ്ങളുടെ മക്കൾ ഉന്നത വിദ്യാഭ്യാസ രംഗത്ത് വന്നപ്പോൾ ഇവിടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടായിരുന്നില്ല. ആ സമയത്ത് ഞങ്ങൾ നിർബന്ധിതമായി, ഞങ്ങളുടെ മക്കൾ 5000 രൂപയ്ക്കും 10000 രൂപയ്ക്കും ആദായം വച്ചാണ് ഗൾഫിൽപോയി പണിയെടുക്കുന്നത്. പണക്കാർ മാത്രമല്ല, കുറെ പാവപ്പെട്ട ആളുകൾ കൊണ്ടുവന്ന പണം മുടക്കി

സർക്കാർ സ്കൂളുകൾ ഇല്ലാത്തതുകൊണ്ട്, എയ്ഡഡ് സ്ഥാപനങ്ങൾ ഇല്ലാത്തതുകൊണ്ട് ഞങ്ങളുടെ മക്കൾക്കുവേണ്ടി ഞങ്ങൾ സ്വാശ്രയ സ്ഥാപനങ്ങൾ ഉണ്ടാക്കി. ഒരൊറ്റ കാര്യംകൂടി പറഞ്ഞുകൊണ്ട് നിറുത്താം. അതായത് ഇന്നും സെക്കൻഡറി സ്കൂൾ അഡ്മിഷനിൽ മുസ്ലീം സമുദായം ദേശീയ ശരാശരിയുടെ എത്രയോ താഴെയാണ്, 10.46 ആണ്. സീനിയർ സെക്കൻഡറി ഹയർ എഡ്യൂക്കേഷനിൽ മുസ്ലീം പ്രാതിനിധ്യം ഇന്നും 5.4 ആണ്. ഡിപ്ലോമാ-ഡിഗ്രി ലെവലിൽ ദേശീയ ശരാശരിയുടെ പകുതിക്കും താഴെയാണ് ഈ സമുദായം. ആ സമുദായത്തെ ശക്തിപ്പെടുത്താൻ ന്യൂനപക്ഷ വകുപ്പ് ചെയ്യേണ്ടത്........ വളരെ വ്യക്തമായ ഒരു കാര്യം ഞാൻ പറയുകയാണ്. ന്യൂനപക്ഷ വകുപ്പിന്റെ കീഴിൽ എല്ലാ ജില്ലകളിലും വെൽഫയർ ഓഫീസേഴ്സ് വരണം. അതുപോലെതന്നെ മൈനോറിറ്റി കമ്മിഷൻ കാലതാമസം കൂടാതെ രൂപീകരിക്കണം. മൈനോറിറ്റീസിനു വേണ്ടിയുള്ള ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും നിലവിൽ വന്നു. അതുപോലെ കേരളത്തിൽ ഇനി കാലതാമസം ഉണ്ടാകാൻ പാടില്ല. ഈ സർക്കാർ ഇച്ഛാശക്തി കാണിക്കണം. കാലതാമസം കൂടാതെ മൈനോറിറ്റി കമ്മിഷൻ കൊണ്ടുവരാനും മൈനോറിറ്റി ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ കൊണ്ടുവരുന്നതിനും നടപടി സ്വീകരിക്കണം. അതുപോലെ തന്നെ എല്ലാ ജില്ലകളിലും മൈനോറിറ്റി വെൽഫെയർ ഓഫീസർ എന്ന പോസ്റ്റ് ഉണ്ടാക്കി ഈ പ്രവർത്തനങ്ങൾ ഭംഗിയായി നടത്തുന്നതിന് മുന്നോട്ട് വരണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ് ഈ ദിശയിൽ വളരെ സംതൃപ്തമായി പ്രവർത്തിക്കുന്ന മന്ത്രിമാർക്ക് അഭിവാദ്യങ്ങളർപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു.

ശ്രീ. ജോസ് തെറ്റയിൽ: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമവും വിനോദസഞ്ചാരവും എന്നീ ധനാഭ്യർത്ഥകളെ ഞാൻ എതിർക്കുകയാണ്. ഇന്ത്യയിലെ ജാതി വ്യവസ്ഥ ലോകത്ത് ഒരിടത്തുമില്ലാത്ത ഗുരുതരമായ പ്രശ്നങ്ങളും പ്രതിസന്ധികളും സൃഷ്ടിച്ചിട്ടുള്ളത് നമുക്കെല്ലാപേർക്കുമറിയാം. ഒരുവന്റെ ജനനം അവന് യാതൊരു നിയന്ത്രണവുമില്ലാത്ത കാര്യമാണ്. ബ്രാഹ്മണകുടുംബത്തിൽ ജനിക്കാൻ ഇടയായവർ ബ്രാഹ്മണന്മാർ. ഇസ്ലാം മതം വിശ്വാസമുള്ള കുടുംബത്തിൽ ജനിക്കാൻ ഇടയായവർ മുസ്ലീങ്ങളും ക്രൈസ്തവ കുടുംബത്തിൽ ജനിക്കാൻ ഇടയായവർ ക്രിസ്ത്യാനികൾ. യാദൃശ്ചികങ്ങളിൽ നിന്ന് നിശ്ചയിക്കുന്ന പല ഭാഗദേയങ്ങളുമാണ്. നമ്മുടെ നാട്ടിൽ ഹൈന്ദവ സമുദായത്തിൽ നൂറുകണക്കിന് അവാന്തരവിഭാഗങ്ങളാണ്. ആകെ കൂടി ഇന്ത്യയിൽ ഇത്തരത്തിൽ നോക്കുമ്പോൾ നൂറുകണക്കിന് അല്ലെങ്കിൽ ആയിരക്കണക്കിന് ജാതികൾ നിൽക്കുകയാണ്. ഇന്ത്യയിൽ പല പുരോഗമന പ്രസ്ഥാനങ്ങൾക്കും വേരൂന്നാൻ കഴിയാത്ത രീതിയിലുള്ള ജാതിപ്രസ്ഥാനമാണ്. ഇന്ത്യയുടെ പ്രശ്നങ്ങളിൽ ദാരിദ്ര്യമാണ് ഒന്നാം സ്ഥാനമെങ്കിൽ അത്രയും തന്നെ ഗൗരവമാണ് ഇന്ത്യയിലെ ജാതി വ്യവസ്ഥ. ഓരോ ജാതിയിലും ജനിക്കുന്നതാണ് ഒരു ഇന്ത്യാക്കാരന് ജീവിതത്തിന്റെ ഗതി നിശ്ചയിക്കുന്നതെന്നുള്ളത് കഷ്ടമാണ്. അതുകൊണ്ടാണ് ഡോ. റാം മനോഹർ ലോഹ്യ പറഞ്ഞത് In India caste is an insurance to its son. അവന് ഇൻഷുറൻസ് എവിടെ ജനിക്കുന്നുവെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ്. ഇന്ത്യയിലെ ജാതി വ്യവസ്ഥയെ നരവംശശാസ്ത്രപരമായും മാർക്സിസം സാമ്പത്തിക സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിലും ഗാന്ധിയൻ രീതിയിലും ആണ്

ഡോ. റാം മനോഹർ ലോഹ്യ വിലയിരുത്തിയിട്ടുള്ളത്. അത്രകണ്ട് ശാസ്ത്രീയമായി വിലയിരുത്തിയിട്ടുള്ള ആളുകളുണ്ടോയെന്നറിയില്ല. നെഹ്റുവിന്റെ കാലത്തുതുടങ്ങിയ പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകളുടെ ഉദ്ധാരണത്തിനും നെഹ്റുവിന്റെ പ്രവർത്തനങ്ങൾക്ക് വേണ്ടത്ര ശുഷ്ക്കാന്തിയില്ലായെന്നും 50 വർഷം മുമ്പ് ഡോ. റാം മനോഹർ ലോഹ്യ പറഞ്ഞപ്പോൾ അതിനെ കളിയാക്കി. ഇന്ന് അത് അന്വർത്ഥമാണ്. കാരണം, നാം ഇപ്പോൾ പട്ടികജാതി–പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തെക്കുറിച്ച് അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്, ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. അവരുടെ സ്ഥിതി പഴയതുപോലെ തുടരുകയും ചെയ്യാം. നൂറു കണക്കിനല്ല ആയിരക്കണക്കിന് വർഷമുണ്ടായിരുന്ന അധോ:സ്ഥിതി ഇന്നും തുടരുകയാണ്. പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി സംസ്ഥാന സർക്കാരുകൾ അല്ലെങ്കിൽ ഭാരത സർക്കാരുകൾ എത്ര കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളത്? അതിന്റെ കണക്ക് നോക്കുമ്പോൾ ഒരു കാര്യം വ്യക്തമാണ്. കണക്കും പ്രവൃത്തിയും തമ്മിൽ യാതൊരു ബന്ധവുമില്ല. നിലവിൽ മൊത്തത്തിലുള്ള ഈ വിഭാഗത്തിൽപ്പെട്ട ആളുകളുടെ എണ്ണവും മുടക്കിയ തുകയും നോക്കുകയാണെങ്കിൽ ഓരോത്തർക്കും പത്തു കോടി രൂപ മുടക്കിയതായി കാണാൻ കഴിയും. ഈ രൂപയെല്ലാം എവിടെയാണ് പോകുന്നത്.? പട്ടികജാതി–പട്ടികവർഗ്ഗക്കാരുടെ സ്ഥിതി ഇന്നും തുടരേണ്ട കാരണമെന്താണ്? അത് നമ്മൾ സത്യസന്ധമായി ആലോചിക്കണം. കക്ഷിരാഷ്ട്രീയത്തിന് അതീതമായി ആലോചിക്കണം. ഇതൊരു ഗവൺമെന്റിന്റെ പ്രശ്നമല്ല. ഒരു പ്രത്യേക എൽ.ഡി.എഫ്.–ന്റെയോ യു.ഡി.എഫഫ്. –ന്റെയോ പ്രശ്നമല്ല. ഈ ബഡ്ജറ്റിനകത്ത് ഇതിനായി എത്ര കോടി രൂപയാണ് വച്ചിട്ടുള്ളത്? ഈ

തുക യാഥാസ്ഥിതികമായ രീതിയിലാണ്, വ്യവസ്ഥാപിതമായ രീതിയിലാണ് ഇന്നും ചെലവഴിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഈ സമീപനം മാറണം. ഇതല്ലാതെ ഒരു പ്രയോജനവും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഉണ്ടാകുന്ന പ്രശ്നമില്ല. ഞാൻ കാസ്റ്റിസത്തെക്കുറിച്ച് നേരത്തെ പറഞ്ഞു, ഡോ. റാം മനോഹർ ലോഹ്യയുടെ 'കാസ്റ്റിസം ഇൻ ഇന്ത്യ'എന്ന പുസ്തകത്തിൽ ഇക്കാര്യത്തെക്കുറിച്ച്, ഇന്ത്യയിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഏത് നിലപാടാണ് സ്വീകരിക്കേണ്ടത് എന്നതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. നമ്മൾ അതൊന്നും ശ്രദ്ധിക്കുന്നില്ല. ചുരുങ്ങിയ സങ്കുചിതമായ രാഷ്ട്രീയ കാര്യങ്ങളെക്കുറിച്ച് പറയുകയാണ്. മഹാത്മാഗാന്ധി ഇന്ത്യൻ ജനങ്ങളുടെ മനസ്സറിഞ്ഞുകൊണ്ടാണ് പിന്നോക്കക്കാരുടെ പുരോഗതി ഒരു പ്രത്യേകമായ രാഷ്ട്രീയ അജണ്ടയായി കണക്കാക്കിയത്. എന്നാൽ ഗാന്ധിജിയുടെ സമീപനം തെറ്റാണെന്ന് പലപ്പോഴും ഡോ. അംബേദ്ക്കറിന് പറയേണ്ടി വന്നിട്ടുണ്ട്. യഥാർത്ഥ പട്ടികജാതിക്കാരനും ഏറ്റവും ഉന്നതമായ, ബൗദ്ധികമായ ഗതിയിൽ, ഉന്നതനായി നിൽക്കുന്ന ഡോ. അംബേദ്ക്കർ പലപ്പോഴും ഗാന്ധിജിയുമായി വിയോജനക്കുറിപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. ഒരളവോളം ഗാന്ധിജിക്കും അംബേദ്ക്കറിനും പല കാര്യങ്ങളിൽ, സമീപനങ്ങളിൽ തെറ്റുപറ്റിയിട്ടുണ്ടാകാം. പക്ഷേ ഒരു കാര്യം തെളിഞ്ഞിരിക്കുന്നു. 65 വർഷം കഴിഞ്ഞിട്ടും നാം ഇന്നും പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ജീവിതത്തെക്കുറിച്ച് അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. ഇതുവരെ അവർക്കൊരു മോചനം ലഭിച്ചിട്ടില്ല. ഇതിനെല്ലാം ഇന്ത്യയിലെ മാറിമാറി വരുന്ന ഭരണകൂടങ്ങൾ, മാറിമാറി ഭരിക്കുന്ന ആളുകൾ, ജനപ്രതിനിധികളെല്ലാപേരുടേയും ഉത്തരവാദിത്വമാണ്. ഈ രക്തത്തിന്റെ പങ്ക് നമ്മളിലും നമ്മുടെ മക്കളിലും പോകട്ടെയെന്ന് പറയുന്ന രീതി

യിലേയ്ക്ക് കാര്യങ്ങളെത്തിയിരിക്കുകയാണ്. ഇതിനെക്കുറിച്ച് ആത്മാർത്ഥമായ ഒരു വിലയിരുത്തൽ നടന്നോ? ഇതിനകത്ത് ഇന്ത്യയിലെ എല്ലാ ഭരണകൂടവും, രാഷ്ട്രീയ കണ്ണികൾ, നമ്മുടെ രാഷ്ട്രീയ പ്രസ്ഥാനങ്ങളൊക്കെത്തന്നെ മുതലക്കണ്ണീരൊഴുക്കി ആത്മവഞ്ചന നടത്തുകയാണ്. ഇത് ശരിയല്ല. ഇത് നാം അവരോട് ചെയ്യുന്ന വഞ്ചനയാണ്. ഇത് മാറണം. ഇന്നും ഇന്ത്യയിലെ എസ്.സി./എസ്.ടി. ജീവനക്കാർക്ക് വേണ്ടത്ര പുരോഗതി ഉണ്ടായിട്ടുണ്ടോയെന്ന് നമ്മൾ ആലോചിക്കണം. എന്താണ് നമ്മൾ ചെയ്യേണ്ടത്? ഈ കടുത്ത വഞ്ചന നമ്മൾ ഇപ്പോഴും അവരോട് നടത്തുകയാണ്. അത് മാറണം. 50 വർഷക്കാലം ഇന്ത്യാരാജ്യം ഭരിച്ച കോൺഗ്രസ്സിന് ഇതിന്റെ ഉത്തരവാദിത്വത്തിൽനിന്ന് മാറാൻ കഴിയില്ല. ആര് എന്തുപറഞ്ഞാലും മാറിമാറി വരുന്ന ഗവൺമെന്റുകളുണ്ടല്ലോ, പക്ഷേ 65 വർഷം മുമ്പ് മഹാത്മാഗാന്ധി, ജവഹർലാൽ നെഹ്റു തുടങ്ങിയ ആളുകളെല്ലാം ഇതിനെക്കുറിച്ച് പറഞ്ഞിട്ട് എന്താണ് നടക്കാത്തത്? ഒരു ആളുടെ ആയുസ്സിന്റെ കാലം മുഴുവൻ കഴിഞ്ഞിട്ട് പോലും എന്തുകൊണ്ട് പട്ടികജാതിക്കാരുടെ പ്രശ്നങ്ങൾ നടക്കുന്നില്ല? ഇതിനൊരു തുറന്ന ആത്മപരിശോധന നടത്തേണ്ടതാണ്. ഇന്നിപ്പോൾ ബി.ജെ.പി.യും മുസ്ലീംലീഗും ഷെഡ്യൂൾഡ് കാസ്റ്റ് ആന്റ് ഷെഡ്യൂൾഡ് ട്രൈബിനെക്കുറിച്ച് പറയുകയാണ്. പിന്നെ എങ്ങനെ അതിനകത്ത് ആത്മാർത്ഥത വരും? ആത്മാർത്ഥത വരുന്നില്ല. സങ്കുചിതമായ രീതിയിൽ ചിന്തിക്കാൻ പലപ്പോഴും തയ്യാറാകുന്ന മുസ്ലീം ലീഗും പറയുന്നത് പട്ടികജാതി പട്ടികവർഗ്ഗമെന്നാണ്. ഇത് എവിടെച്ചെന്ന് അവസാനിക്കും? പ്രശ്നം ആത്മാർത്ഥതയിലാണ്. ലോകത്തിലാദ്യമായി കമ്മ്യൂണിസ്റ്റ് റഷ്യയ്ക്കും ചൈനയ്ക്കും ഒന്നരനൂറ്റാണ്ടിന് മുമ്പ് തന്നെ കർഷകത്തൊഴിലാളി സമരം

നയിച്ച കേരളത്തിലെ തിരുവിതാംകൂറിലെ അയ്യൻകാളിയുടെ നാട്ടിൽ, ഇന്നും പട്ടികജാതി-പട്ടികവർഗ്ഗക്കാർ പഴയതുപോലെ തുടരുകയാണ്. ഇതി നൊരു ഉത്തരവാദിത്വം നമുക്കാർക്കുമില്ലേ? നമ്മൾ ഇതിനകത്ത് സങ്കുചിത മായി പറഞ്ഞിട്ട് കാര്യമുണ്ടോ?

ശ്രീ. സാജു പോൾ: സർ, യു.ഡി.എഫ്.-ന്റെ പ്രകടനപത്രികയിൽ അയ്യൻകാളിയുടെ പേരിൽ ഒരു സർവ്വകലാശാല സ്ഥാപിക്കുമെന്ന വാഗ്ദാനമുണ്ടായിരുന്നു. ഈ ഗവൺമെന്റ് അതിനുവേണ്ടി ഇതുവരെ ഒരു നടപടിയും നീക്കിയിട്ടില്ലായെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ?

ശ്രീ. ജോസ് തെറ്റയിൽ: സർ, ഒരു കാര്യവും അത്തരത്തിൽ ചെയ്യു ന്നില്ല. ഫലപ്രദമായ കാര്യങ്ങൾ ചെയ്യുന്നതിലല്ല താൽപര്യം. രാഷ്ട്രീയ സ്റ്റണ്ടുകൾ, പത്രവാർത്തകൾ അതാണ് നമ്മുടെ നാട്ടിലെ ആളുകൾക്ക് താൽപര്യം. പട്ടികജാതി-പട്ടികവർഗ്ഗ ഡിപ്പാർട്ടുമെന്റുകൾക്ക് എന്തെങ്കിലും അക്കൗണ്ടബിലിറ്റി ഉണ്ടോ? സോഷ്യൽ ഓഡിറ്റിംഗ് ഉണ്ടോ? ഒരു ആൻസറബിലിറ്റിയുണ്ടോ? ആരും തന്നെ ആൻസറബിൾ അല്ല. നമ്മുടെ ജനാധിപത്യം നമ്മളിൽ തന്നെ തിരിഞ്ഞുകുത്തി ചോദിക്കുന്ന ചോദ്യങ്ങളാണ്. നമ്മെത്തന്നെ പരാജയപ്പെടുത്തുന്ന ഈ സ്ഥിതിക്ക് ഇന്ന് മോചനമുണ്ടാക ണം. ഒരു ആത്മാർത്ഥമായ സമീപനമുണ്ടാകണം. നമ്മൾ എപ്പോഴും പല കാര്യങ്ങളെക്കുറിച്ച് പറയുമ്പോൾ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബക്കാർ താമസിക്കുന്ന സ്ഥലങ്ങളിൽ കുടിവെള്ളത്തിന് എന്തുപദ്ധതിയാണ് ആവി ഷ്ക്കരിച്ചിട്ടുള്ളത്.? കുടിവെള്ളം എല്ലാ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടേയും കുടുംബങ്ങളിൽ എത്തിയെന്ന് പറയാൻ കഴിയുമോ? ഇന്നും കഴിയുന്നില്ല.

എന്റെ നിയോജകമണ്ഡലത്തിൽ ഇപ്പോഴും 25 വർഷം മുമ്പ് തുടങ്ങിയ ഒരു പദ്ധതിയുണ്ട്. മലയാറ്റൂരിലെ ചീത്തപ്പാറ ഹരിജൻ കോളനിയിൽ ഇതുവരെയും കുടിവെള്ളപദ്ധതികൾ രണ്ടാമത് പരിഷ്ക്കരിച്ച് വന്നിട്ടില്ല. അതുപോലെ നൂറുനൂറു കാര്യങ്ങളുണ്ട്. ഞാൻ ആ വിവാദങ്ങളിൽ കടക്കുന്നില്ല. ആത്മാർത്ഥമായ സമീപനമുണ്ടാകണം. ജീവന് ആവശ്യമായ കുടിവെള്ളത്തിന്റെ കാര്യത്തെക്കുറിച്ചുള്ള സമീപനം ഈ ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ടൂറിസം– ടൂറിസത്തിന്റെ പൊട്ടൻഷ്യാലിറ്റീസ് കേരളത്തിൽ യഥാർത്ഥത്തിൽ അന്വേഷിച്ചിട്ടുണ്ട്. അതിനെ വിലയിരുത്തിയിട്ടുണ്ട്. ഉപയോഗിച്ചിട്ടുണ്ട്. ചെറിയ രാജ്യങ്ങളെല്ലാം തന്നെ ഇതിനുവേണ്ടി ഉപയോഗിക്കുമ്പോൾ.......... ഞാൻ എന്റെ മണ്ഡലത്തിലെ ഒരു കാര്യം മാത്രം സൂചിപ്പിച്ച് നിറുത്താം. എന്റെ നിയോജകമണ്ഡലമായ അങ്കമാലി രണ്ടു നദികളുടെ, ചാലക്കുടി പുഴയുടേയും പെരിയാറിന്റെയും രണ്ടുകരകളിലാണ് സ്ഥിതിചെയ്യുന്നത്. കിഴക്കുവശത്ത് മലയാറ്റൂർ, കോടനാട് പ്രദേശത്തുള്ള ചാലക്കുടി അതിരപ്പിള്ളിയുടെ മലകളാണ്. പ്രകൃതി സുന്ദരമായ ഈ സ്ഥലത്തിനു തൊട്ട് സമീപമുള്ള പെരുമ്പാവൂരിലുള്ള കോടനാട് ആനക്കൊട്ടിൽ അതുപോലുള്ള മറ്റ് സ്ഥലങ്ങളുമെല്ലാമുള്ളത്. അതിരപ്പിള്ളി, ഇതെല്ലാം പ്രകൃതിദത്തമായ സ്ഥലങ്ങളാണ്. ഇതൊന്നും നാം വിനിയോഗിക്കുന്നില്ല. കാലടി ആദിശങ്കരന്റെ ജന്മം കൊണ്ടുള്ള പുണ്യ സ്ഥലമാണ്. എന്തു ടൂറിസമാണ് അവിടെ ഉദ്ദേശിക്കുന്നത്? അവിടെ ഒരു സൗകര്യമില്ല. മലയാറ്റൂർ തീർത്ഥാടനകേന്ദ്രമാണ്. മഹാഗണി തോട്ടവും മറ്റ് നിരവധി സൗകര്യവുമുള്ള സ്ഥലമാണ്. ഒരു അന്വേഷണം അവിടെ നടക്കുന്നില്ല. കാലടി, മലയാറ്റൂർ, കോടനാട്, അതിരപ്പിള്ളി തുടങ്ങിയ പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന ഏഴാറ്റു

മുഖം പ്രദേശം. അവിടെയുള്ള ടൂറിസം ഇൻഫർമേഷൻ സെന്ററുകളൊക്കെ പൂട്ടിക്കിടക്കുകയാണ്. പ്രകൃതി ഗ്രാമം തുമ്പൂർമൂഴിയുമായി ബന്ധപ്പെടു ത്തുന്ന രീതിയിലുള്ള തൂക്കുപാലം ഇതൊന്നും അവിടെ നടക്കുന്നില്ല. വെറുതെ വർത്തമാനം പറഞ്ഞിട്ടാണ് പോകുന്നത്. ഒരു വൺഡേ ടൂറിസം പാക്കേജ്, ശാസ്ത്രീയമായ പഠനം നടത്തുന്നതിന് ഡിപ്പാർട്ടുമെന്റും ആലോ ചിക്കുന്നില്ല. ഞാൻ രാവിലെ സൂചിപ്പിച്ച ഒരു കാര്യം, ഫോറസ്റ്റിന്റെ ടൂറിസത്തെക്കുറിച്ച് പറയുമ്പോൾ, അതിനും ഒരു കോ–ഓർഡിനേഷനില്ല. മന്ത്രിമാർ പറയുന്നത് ശരിയല്ല. ഒരു കോ–ഓർഡിനേഷനില്ലാത്തതുകൊണ്ട് പല കാര്യങ്ങളും നടക്കുന്നില്ല. അതിന് വേണമെങ്കിൽ മന്ത്രിമാർ കൂടിയിരുന്ന് ആലോചിച്ച് അത്തരത്തിലുള്ള ഓരോ സ്പോട്ടുകൾ കണ്ടെത്തിക്കൊണ്ടുള്ള കാര്യങ്ങൾ ആലോചിക്കണം. ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് ഇവിടെ എത്തിപ്പെടാനുള്ള റോഡുകൾ ശാസ്ത്രീയമായ രീതിയിലുള്ളതല്ല. അഭയാ രണ്യവുമായി ബന്ധപ്പെടുന്ന തൂക്കുപാലം, ഇതിന്റെയൊന്നും പ്രവർത്തനം നടക്കുന്നില്ല. ഇതൊക്കെ കാലാകാലങ്ങളിൽ വിലയിരുത്തിക്കൊണ്ട് അവിടെ യുള്ള ജനപ്രതിനിധിയുമായി ബന്ധപ്പെട്ട് നടത്തേണ്ടതാണ്. അത് നടത്താതി രിക്കുന്നതുകൊണ്ടും ഈ ഗവൺമെന്റിന് അത്തരത്തിലുള്ള ശാസ്ത്രീയമായ സമീപനമില്ലാത്തതുകൊണ്ടും ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാ ണ്.

ശ്രീ. റ്റി. യു. കുരുവിള: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ അംഗീകരിക്കുന്നു. ഐക്യജനാധിപത്യമുന്നണി സർക്കാർ ഒരു വർഷം പിന്നിട്ടപ്പോൾ പട്ടിക വിഭാഗത്തിന്റെ ജീവിതസാഹചര്യങ്ങളുടെ ഉന്നമനത്തിന് മുന്തിയ പരിഗണനയാണ് നൽകിവരുന്നതെന്ന് കാണാൻ കഴിയും. യു.ഡി.എഫ് ഗവൺമെന്റിനുവേണ്ടി ശ്രീ. കെ.എം. മാണി അവതരിപ്പിച്ച ബഡ്ജറ്റിൽ പല ഐറ്റങ്ങൾക്കും 100-ഉം 120-ഉം ഇരട്ടിയാണ് ആനുകൂല്യം പ്രഖ്യാപിച്ചിരിക്കുന്നത്. ഉദാഹരണമായി പട്ടികവിഭാഗങ്ങൾക്ക് ഭൂമി വാങ്ങുന്നതിനായി പഞ്ചായത്ത് മേഖലയിൽ അനുവദിച്ചിരുന്ന 75,000/- രൂപ 1,50,000 രൂപയായും മുനിസിപ്പിലാറ്റികളിൽ 90,000/- രൂപയായിരുന്നത് 1,75,000/- രൂപയായും കോർപ്പറേഷനുകളിൽ 1,00,000/- രൂപയായിരുന്നത് 2,00,000/- രൂപയായും സർക്കാർ വർദ്ധിപ്പിച്ചു. അതുപോലെ വീടുകൾ വയ്ക്കുന്നതിന് അനുവദിച്ചിരുന്ന 1,00,000/- രൂപ 2,00,000/- രൂപയാക്കി ഉയർത്തി. ഇത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 2,50,000/- രൂപയാക്കി. 16000-ൽപ്പരം പൂർത്തിയാകാത്ത വീടുകൾക്ക് ശേഷിക്കുന്ന ഗഡുക്കൾ പുതിയ നിരക്കിൽ ലഭ്യമാക്കുവാൻ ഈ സർക്കാർ നടപടി സ്വീകരിച്ചു. പട്ടികജാതിക്കാർ കൂടുതലുള്ള മേഖലകളിൽ 29 ഹോമിയോ ഡിസ്പെൻസറികൾ തുടങ്ങുവാൻ നടപടി സ്വീകരിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് 7,54,00,000/- രൂപയോളം സ്വയം തൊഴിൽ പദ്ധതിക്കായി വിതരണം ചെയ്തു. ഇത് അഭിമാനകരമായ ഒരു നേട്ടമാണ്. പട്ടികജാതി വിഭാഗത്തിന് പ്രാമുഖ്യമുള്ള മേഖലകൾ തെരഞ്ഞെടുത്ത് സ്വയം

പര്യാപ്ത ഗ്രാമങ്ങൾക്ക് രൂപം നൽകുന്ന പദ്ധതിക്ക് 62.4 കോടി രൂപ അനുവദിച്ചു. .വിദ്യാർത്ഥികൾക്ക് നൽകി വന്നിരുന്ന പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പുകൾ, ലംപ്സംഗ്രാന്റ്, പോക്കറ്റ് മണി എന്നിവ 120 ശതമാനമാണ് വർദ്ധിപ്പിച്ചത്. ചികിത്സാ ധനസഹായം, പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം എന്നിവയ്ക്കായി 19.5 കോടി രൂപ ഈ സർക്കാർ അനുവദിച്ചു. സ്വയം തൊഴിൽ പദ്ധതിക്കായി നീക്കിവച്ചിരിക്കുന്ന 807 ലക്ഷം രൂപയിൽ 754.49 ലക്ഷം രൂപ ഇതിനകം ചെലവഴിച്ചുവെന്നത് എടുത്തുപറയേണ്ട നേട്ടമാണ്. 55000 പട്ടികജാതി വിദ്യാർത്ഥികൾക്ക് സൗജന്യമായി സൈക്കിൾ വിതരണം ചെയ്യുന്നതിന് 'വിദ്യായാത്ര' പദ്ധതിക്ക് ഈ സർക്കാർ തുടക്കം കുറിച്ചത് അഭിമാനകരമാണ്. 90 പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ ടി.വി, ലൈബ്രറി, റീഡിംഗ് റൂം എന്നിവയുടെ സജ്ജീകരണത്തിനായുള്ള പദ്ധതികളും ഈ സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കി. പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗ കോർപ്പറേഷൻ നടപ്പിലാക്കി വന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം 25,000/- രൂപ വരെയുള്ള കടങ്ങൾ എഴുതിത്തള്ളി. കൂടാതെ പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കി പലിശയിൽ 50 ശതമാനം ഇളവും അനുവദിച്ചത് ഈ സർക്കാരിന്റെ നേട്ടമായി കണക്കാക്കാം. വീട്ടുവളപ്പിൽ പച്ചക്കറി കൃഷി ആരംഭിക്കുന്നതിനുള്ള പദ്ധതിക്കായി 4,93,00,000/- രൂപ അനുവദിച്ചത് ശ്രദ്ധേയമാണ്. പിന്നോക്ക വിഭാഗത്തിന്റെ ക്ഷേമത്തിന് മുന്തിയ പരിഗണനയാണ് ഈ സർക്കാർ നൽകുന്നത്. വളരെ നാളുകളായി 80-ഓളം വരുന്ന പിന്നോക്ക സമുദായങ്ങൾ ഏറ്റവും ശക്തമായി ഉന്നയിച്ചുവന്നിരുന്ന

ഒരാവശ്യമായിരുന്നു പ്രത്യേകമായി ഒരു പിന്നോക്ക വിഭാഗ വകുപ്പ് രൂപീകരിക്കുകയെന്നത്. 2012 ഫെബ്രുവരിയിൽ ഇതിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞുവെന്നുള്ളത് ഏറ്റവും വലിയ നേട്ടമായി കാണേണ്ടതാണ്. ഒ.ബി.സി വിഭാഗത്തിൽപ്പെട്ട 44,500/- രൂപയിൽ താഴെ വാർഷികവരുമാനമുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പ് 2012-ൽത്തന്നെ വിതരണം ചെയ്യാൻ കഴിഞ്ഞുവെന്നത് എടുത്തുപറയേണ്ട നേട്ടമാണ്. ടോക്കൺ ഗ്രാന്റ് എന്ന നിലയിൽ പ്രീ-മെട്രിക് സ്കോളർഷിപ്പിനു വേണ്ടി ഒന്നേകാൽ കോടി രൂപ കേന്ദ്രഗവൺമെന്റിൽ നിന്നും അനുവദിപ്പിച്ചു. 6 മുതൽ 8 വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് 900/- രൂപ ക്രമത്തിലും 9, 10 ക്ലാസ്സുകളിലെ കുട്ടികൾക്ക് 1000/- രൂപ ക്രമത്തിലും മൊത്തം 481000 വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പ് വിതരണം ചെയ്യാൻ ഈ വകുപ്പിന് സാധിച്ചുവെന്നത് അഭിമാനകരമാണ്. ഒ.ബി.സി വിദ്യാർത്ഥികൾക്ക് നൽകി വന്നിരുന്ന വിദ്യാഭ്യാസ വായ്പ 2,00,000/- രൂപയിൽ നിന്നും 3,00,000/- രൂപയാക്കി വർദ്ധിപ്പിച്ചു. ഈ പദ്ധതിപ്രകാരം 148 വിദ്യാർത്ഥികൾക്ക് 3,95,00,000/- രൂപ ഈ സർക്കാർ വിതരണം ചെയ്തു. കേരളത്തിലെ സംസ്ഥാന പിന്നോക്ക വിഭാഗ കോർപ്പറേഷൻ വിവിധ വായ്പ പദ്ധതിക്കായി 165 കോടി രൂപ വിതരണം ചെയ്തു. എന്റെ മണ്ഡലത്തിലെ കുട്ടമ്പുഴ വില്ലേജിൽ വാരിയം ആദിവാസി കോളനിയിൽ നിന്നും 141-ഓളം ആദിവാസി കുടുംബങ്ങളെ കാട്ടുമൃഗങ്ങളുടെ ശല്യത്തെത്തുടർന്ന് കുടിയിറക്കി ഒട്ടും സുരക്ഷിതമല്ലാത്ത കണ്ടമ്പാറ എന്ന സ്ഥലത്ത് കഴിഞ്ഞ 3 വർഷ

മായി താമസിപ്പിച്ചുവരികയാണ്. ബഹുമാനപ്പെട്ട മന്ത്രിയും എം.പി-യും ഞാനും ജില്ലാകളക്ടറും മറ്റ് ഉദ്യോഗസ്ഥൻമാരും ആ സ്ഥലം സന്ദർശിച്ച് ആദിവാസികളുടെ ദയനീയാവസ്ഥ കാണുകയുണ്ടായി. ഇവരുടെ താല്കാലി കമായ ഷെഡുകൾ പുതുക്കിപ്പണിയുന്നതിന് 5,000/- രൂപയും അരിയും പുതപ്പും സൗജന്യമായി നൽകാമെന്നും മന്ത്രി നേരിട്ട് വാഗ്ദാനം ചെയ്തത് എത്രയുംവേഗം നടപ്പാക്കണം. ഇവരെ ചുള്ളിപ്പൂവൻ എന്ന സ്ഥലത്ത് അനു യോജ്യമായ സ്ഥലം കണ്ടെത്തി മാറ്റിപ്പാർപ്പിക്കുന്നതിന് അടിയന്തര നടപടി കൾ സ്വീകരിക്കണമെന്നപേക്ഷിക്കുന്നു. ടൂറിസം രംഗത്ത് ഒരു കുതിച്ചു ചാട്ടം തന്നെ നടത്തിക്കൊണ്ട് കേരളം അതിവേഗം ബഹുദൂരം മുന്നോട്ടുപോവുക യാണ്. കേരളത്തിലെ 14 ജില്ലകളെയും ടൂറിസം മേഖലയിൽ വേർതിരിവി ല്ലാതെ ടൂറിസ്റ്റുകൾക്ക് തുറന്നുനൽകുന്ന സമഗ്ര ടൂറിസം നയം നടപ്പാക്കി ക്കൊണ്ട് ഈ രംഗത്ത് വലിയ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചിരിക്കുന്നു. കേരളം വിനോദ സഞ്ചാരികളുടെ വരവിന്റെ അടിസ്ഥാനത്തിൽ മുൻവർഷ ങ്ങളെ അപേക്ഷിച്ച് റിക്കോർഡ് വരവാണ് കൈവരിച്ചിരിക്കുന്നത്. ഏകദേശം 19037 കോടി രൂപയോളം വരുമാനമാണ് സംസ്ഥാനത്ത് ഈയിനത്തിലുണ്ടാ യിരിക്കുന്നത്. ഒരു കോടിയിലേറെ വിദേശ സഞ്ചാരികൾ കഴിഞ്ഞ വർഷം കേരളം സന്ദർശിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഏറ്റവും പ്രധാന വരുമാന സ്രോത സായി ടൂറിസം മാറിയിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ .ഭൂതത്താൻകെട്ട് ഏരിയയിൽ ഒട്ടേറെ വിദേശ ടൂറിസ്റ്റുകൾ വന്നുപൊയ്ക്കൊ ണ്ടിരിക്കുകയാണ്. ഭൂതത്താൻകെട്ട് ടൂറിസ്റ്റ് മേഖലയായി വികസിപ്പിക്കുന്ന തിന് 2.83 കോടി രൂപയുടെ പദ്ധതി ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രി നേരിട്ടെത്തി പ്രഖ്യാപിച്ചുവെന്നതിന് വളരെ സന്തോഷത്തോടുകൂടി അദ്ദേഹ

ത്തോടുള്ള നന്ദി രേഖപ്പെടുത്തുകയാണ്. ഇത് എത്രയും വേഗം നടപ്പിലാക്കണമന്ന് അപേക്ഷിക്കുന്നു. ഇവിടെ പെരിയാർ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ ഇടിഞ്ഞുപൊളിഞ്ഞ് നശിച്ചുകിടക്കുന്ന **8**-ഓളം കെട്ടിടങ്ങൾ ടൂറിസ്റ്റ് വകുപ്പിന് കൈമാറുന്നതിന് തീരുമാനിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ നടപടികളെടുത്തിട്ടില്ല. ഇവ അടിയന്തരമായി ടൂറിസം ഡിപ്പാർട്ടുമെന്റിന് വിട്ടുകൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഭൂതത്താൻകെട്ട് ടൂറിസം മേഖലയുടെ സമഗ്രമായ വികസനം ലക്ഷ്യമാക്കി കിറ്റ്കോ ഒരു പ്രോജക്റ്റ് തയ്യാറാക്കി കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഇതുവരെ അതിന്റെ നടപടികളൊന്നും ആയിട്ടില്ല. അടിയന്തിരമായി അത് നടപ്പാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. നേര്യമംഗലം കൃഷി ഫാമിൽ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയും ടൂറിസം വകുപ്പുമന്ത്രിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും സന്ദർശനം നടത്തി ഈ മേഖലയെ ഫാം ടൂറിസം സെന്ററായി പ്രഖ്യാപിക്കുകയും അവയുടെ സമഗ്രമായ വികസനത്തിന് കേന്ദ്രഗവൺമെന്റിൽ നിന്നും **3.9** കോടി രൂപ അനുവദിച്ചിട്ടുള്ളതുമാണ്. ഈ പദ്ധതി അടിയന്തരമായി നടപ്പിലാക്കുന്നതിനുള്ള നടപടി ഉണ്ടാകണം. വിനോദസഞ്ചാരികളുടെ മുഖ്യ ആകർഷണ കേന്ദ്രമാണ് തട്ടേക്കാട് പക്ഷിസങ്കേതം.

<u>മി. ചെയർമാൻ</u> : അങ്ങയുടെ സമയം കഴിഞ്ഞു, പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. റ്റി.യു. കുരുവിള</u>: അവിടെ പോകുന്നവർക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കണം. പീരുമേട് വെള്ളച്ചാട്ടവും ഈ കേന്ദ്രങ്ങളുടെ പ്രാധാന്യവും പരിഗണിച്ച് ആവശ്യമായ പദ്ധതികൾ തയ്യാറാക്കണം. ടൂറിസ്റ്റുകൾക്ക് അവിടം സന്ദർശിക്കുന്നതിന് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നും വളരെയേറെ തടസ്സങ്ങളുണ്ട്. അവ ഒഴിവാക്കി ടൂറിസ്റ്റുകൾക്ക് സ്ഥിരമായി

അവിടം സന്ദർശിക്കുന്നതിനുള്ള സൗകര്യം ഒരുക്കണം. അതുപോലെ ഭൂതത്താൻകെട്ട്, നേര്യമംഗലം, തട്ടേക്കാട്, കുട്ടമ്പുഴ തുടങ്ങിയ പ്രദേശങ്ങളിലേയ്ക്ക് വിനോദശ സഞ്ചാരികൾക്ക് പോകുന്നതിനുള്ള ബോട്ട് സൗകര്യം ഉണ്ടായിരുന്നു. കഴിഞ്ഞ ബോട്ടപകടത്തോടുകൂടി അത് നിറുത്തിവച്ചിരിക്കുകയാണ്. അത് പുനഃസ്ഥാപിക്കുന്നതിന് വേണ്ട നടപടികൾ എത്രയുംവേഗം സ്വീകരിക്കണം. ഏഷ്യയിലെ ഏറ്റവും വലിയ തേക്ക് ഉള്ളത് ഇടമലയാർ എന്ന സ്ഥലത്താണ്. അത് കാണാനും അവിടെ ബോട്ട് സൗകര്യം ഏർപ്പെടുത്താനും ഇലക്ട്രിസിറ്റി ബോർഡിന്റെ ഒഴിഞ്ഞുകിടക്കുന്ന കെട്ടിടങ്ങളിൽ ടൂറിസ്റ്റുകൾക്ക് താമസസൗകര്യം ഒരുക്കാനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അപേക്ഷിച്ചുകൊണ്ടും ഈ ധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ടും ഞാൻ എന്റെ വാക്കുകൾ നിറുത്തുന്നു.